# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചൊക്ലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ / സി.9/1201/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 01/12/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചൊക്ലി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-22,1-23,1-25,1-26,1-28,1-34 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ / സി.9/1201/2021 തീയ്യതി: 01/12/2021

# കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-09-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു .പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 28-09-2021 | 21-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 28-09-2021 | 21-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാകേഷ്.വി.കെ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| | | | |

| | | | |
|---|---|---|---|
| ശ്രീമതി. രമ്യ.സി.കെ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.സന്തോഷ് കുമാർ.കെ | സെക്രട്ടറി | 01-04-2020 | 31-03-2021 |

**<u>നിർവ്വഹണഉദ്യോഗസ്ഥർ</u>**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അശ്വതി വിജയൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.അമൃത കല | മെഡിക്കൽ ഓഫീസർ(പി എച്ച് സി ) | 01-04-2020 | 31-03-2021 |
| ഡോ.ഷോണ.എസ്.ആർ | മെഡിക്കൽ ഓഫീസർ(ഹോമിയോ ) | 01-04-2020 | 31-03-2021 |
| ശ്രീ.ബിജീഷ്.എൻ.കെ | വി ഇ ഒ (നിടുമ്പ്രം സർക്കിൾ) | 01-04-2020 | 31-03-2021 |
| ശ്രീ.ജസീർ.കെ.പി | വി ഇ ഒ (ഒളവിലം സർക്കിൾ) | 01-04-2020 | 31-03-2021 |
| ശ്രീമതി.ബിന്ദു.പി | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഫ്ലാവിയ ജോർജ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.പ്രേമലത.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി. റിജുല.എ | ഡയറി എക്സ്റ്റെൻഷൻ സർവ്വീസ് ഓഫീസർ | 01-04-2020 | 16-09-2020 |
| ശ്രീമതി.ഷിബിന.എ.കെ | ഡയറി എക്സ്റ്റെൻഷൻ സർവ്വീസ് ഓഫീസർ | 17-09-2020 | 31-03-2021 |
| ശ്രീ.റിജുൽ രാജ് | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 04-09-2020 | 15-01-2021 |
| ശ്രീമതി.സരിത.കെ.വി | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 16-01-2021 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.കെ. ചന്ദ്രശേഖരൻ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lathavani (Audit Officer, On 19-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Lathavani (Audit Officer, On 21-10-2021)<br>Last Updated By: Lathavani (Audit Officer, On 17-11-2021) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 20-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-12-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Lathavani (Audit Officer, On 21-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-12-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 19-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-12-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Lathavani (Audit Officer, On 19-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-12-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Usha.A (Asst. Audit Officer, On 24-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 25-10-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Lathavani (Audit Officer, On 19-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 25-10-2021) | 1-7 |
| 9 | സർവ്വീസ് /ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യസുരക്ഷപെൻഷൻ തിരിച്ചടക്കാത്തത്<br>Written By: Lathavani (Audit Officer, On 22-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-11-2021) | 1-7-1 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: PRATHYOOSH S (Auditor, On 21-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 25-10-2021) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathavani (Audit Officer, On 20-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-11-2021) | 1-9 |
| 12 | കമ്മിറ്റി<br>Written By: Lathavani (Audit Officer, On 20-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-11-2021) | 1-10 |
| 13 | ഗ്രാമ സഭ<br>Written By: Lathavani (Audit Officer, On 20-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-11-2021) | 1-11 |
| 14 | ദുരിതാശ്വാസ നിധി<br>Written By: Lathavani (Audit Officer, On 22-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-11-2021) | 1-12 |
| 15 | വി.ഇ.ഒ. (ഒളവിലം) - രസീതുകളുടെ കളക്ഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: PRATHYOOSH S (Auditor, On 21-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-11-2021) | 1-13 |
| 16 | സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ നടപടി ക്രമങ്ങൾ പാലിക്കുന്നില്ല<br>Written By: PRATHYOOSH S (Auditor, On 21-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-11-2021) | 1-14 |
| 17 | IKM വിനിയോഗസാക്ഷ്യപത്രമില്ല | 1-15 |

| | | |
|---|---|---|
| | Written By: Vipina Valsaraj (Senior Grade Auditor, On 23-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-11-2021) | |
| 18 | ആട് വിതരണ പദ്ധതി- പർച്ചേസിംഗ് കമ്മിറ്റി ഗുണനിലവാരം ഉറപ്പ് വരുത്തിയിട്ടില്ല- തുക 2,10,000 തടസ്സപ്പെടുത്തുന്നു<br>Written By: Lathavani (Audit Officer, On 21-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-12-2021) | 1-16 |
| 19 | മരുന്ന് വാങ്ങൽ പദ്ധതി- ക്വട്ടേഷനിലെ തിരുത്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല -തുക 95,000 തടസ്സപ്പെടുത്തുന്നു<br>Written By: Lathavani (Audit Officer, On 21-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-12-2021) | 1-17 |
| 20 | എസ് എൽ ബി പി - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതും അധികതുക തിരിച്ചടക്കേണ്ടതും<br>Written By: Lathavani (Audit Officer, On 21-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-12-2021) | 1-18 |
| 21 | സ്റ്റോക്ക് രജിസ്റ്റർ, കാഷ് ബുക്ക് ,സബ്സിഡിയറി രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല .<br>Written By: Lathavani (Audit Officer, On 21-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-12-2021) | 1-19 |
| 22 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Usha.A (Asst. Audit Officer, On 22-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 25-10-2021) | 1-20 |
| 23 | ഡെത്ത് രജിസ്ട്രേഷൻ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല<br>Written By: Lathavani (Audit Officer, On 24-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-11-2021) | 1-21 |
| 24 | മത്തിപ്പറമ്പ് ആലയുള്ളതിൽ റോഡ് റീടാറിങ്ങ് -16.20 ലക്ഷം വിനിയോഗിച്ച റോഡ് പ്രവൃത്തിയിലെ പരാതിയിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Usha.A (Asst. Audit Officer, On 22-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-12-2021) | 1-22 |
| 25 | സ്ക്കൂളുകൾക്ക് ടോയിലറ്റ് നിർമ്മാണം- രേഖകളുടെ അഭാവത്തിൽ ചെലവ് തുക 347292 തടസ്സപ്പെടുത്തുന്നു<br>Written By: Usha.A (Asst. Audit Officer, On 22-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-12-2021) | 1-23 |
| 26 | കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, ഫർണിച്ചർ വാങ്ങൽ പദ്ധതി -പ്രിന്റർ ലഭ്യമാകാത്തത്<br>Written By: Vipina Valsaraj (Senior Grade Auditor, On 23-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-11-2021) | 1-24 |
| 27 | പരമ്പരാഗത കൈത്തൊഴിലുകളുടെ പ്രോത്സാഹനം -അപാകങ്ങൾ- ₹50,000 തടസ്സപ്പെടുത്തുന്നു.<br>Written By: Vipina Valsaraj (Senior Grade Auditor, On 23-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-11-2021) | 1-25 |
| 28 | സ്വയം തൊഴിൽ സംരംഭങ്ങൾ-അപാകങ്ങൾ :₹5000 നിരാകരിക്കുന്നു ₹2,95,000 തടസ്സപ്പെടുത്തുന്നു<br>Written By: Vipina Valsaraj (Senior Grade Auditor, On 23-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-12-2021) | 1-26 |
| 29 | സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായി തുടരുന്നു.<br>Written By: Vipina Valsaraj (Senior Grade Auditor, On 23-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-11-2021) | 1-27 |
| 30 | റിംഗ് കംപോസ്റ്റ് സ്ഥാപിക്കൽ- അപാകങ്ങൾ :ചെലവ് തുകയായ ₹ 25,85,250 തടസ്സത്തിൽ വെക്കുന്നു.<br>Written By: Vipina Valsaraj (Senior Grade Auditor, On 23-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-12-2021) | 1-28 |

| | | |
|---|---|---|
| 31 | അംഗൻ വാടി സ്ഥലമെടുപ്പ്- പദ്ധതി നടപ്പാക്കിയില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 23-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-11-2021) | 1-29 |
| 32 | അംഗൻവാടി പദ്ധതികൾ മോണിട്ടറിങ് ഫലപ്രദമല്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 23-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-12-2021) | 1-30 |
| 33 | ആയുർവേദ മരുന്നുകൾ-1,37,113 രൂപയുടെ മരുന്നുകൾ ലഭിക്കാൻ ബാക്കി<br>Written By: Vipina Valsaraj (Senior Grade Auditor, On 23-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-11-2021) | 1-31 |
| 34 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ-എൻ എ സി ലഭ്യമാകാത്തത്<br>Written By: Lathavani (Audit Officer, On 21-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-11-2021) | 1-32 |
| 35 | പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ-₹61949 യുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.<br>Written By: Vipina Valsaraj (Senior Grade Auditor, On 23-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-11-2021) | 1-33 |
| 36 | സാന്ത്വനപരിചരണം-ഉപകരണങ്ങൾ ലഭ്യമായിട്ടില്ല:₹99997 തടസ്സത്തിൽ വെക്കുന്നു.<br>Written By: Vipina Valsaraj (Senior Grade Auditor, On 23-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-11-2021) | 1-34 |
| 37 | തൊഴിലുറപ്പ് പദ്ധതിയിൽ മെറ്റീരിയൽ പർച്ചേസ് ബില്ലിൽ നിന്നും ജി എസ് ടി ഈടാക്കുന്നില്ല.<br>Written By: Usha.A (Asst. Audit Officer, On 22-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-12-2021) | 1-35 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | സബ്സിഡി അധികം അനുവദിച്ചു -₹5000 നിരാകരിക്കുന്നു<br>Written By: Vipina Valsaraj (Senior Grade Auditor, On 30-10-2021)<br>Last Updated By: Vipina Valsaraj (Senior Grade Auditor, On 30-10-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Lathavani (Audit Officer, On 21-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-12-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 19-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-11-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 19-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 19-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 25-10-2021) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Lathavani (Audit Officer, On 19-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 25-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Lathavani (Audit Officer, On 19-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 25-10-2021) | 4-6 |
| 7 | | 4-7 |

| | | |
|---|---|---|
| | ഓഡിറ്റ് റിക്കവറി<br>Written By: Lathavani (Audit Officer, On 19-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-11-2021) | |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Lathavani (Audit Officer, On 19-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-12-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം-<br>Written By: Lathavani (Audit Officer, On 19-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 25-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lathavani (Audit Officer, On 24-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഫിപ്പോർട്ടുകൾ<br>Written By: Lathavani (Audit Officer, On 19-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-12-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## 1-1 ബജറ്റ്

ബജറ്റ് അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| ഭരണസമിതി തീരുമാനം നമ്പർ/തീയ്യതി | 46/2020 Dt.28/03/2020 | |
| ഭരണസമിതി പുതുക്കിയ തീരുമാനം നമ്പർ/ തീയ്യതി | 48/21 Dt.15/02/2021 | |
| ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം നമ്പർ/തീയ്യതി | 26/20 Dt.23/03/2020 | |
| ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പുതുക്കിയ തീരുമാനംനമ്പർ/ തീയ്യതി | 08/21 Dt.12/02/2021 | |
| ഇനം | ബജറ്റ്പ്രകാരം | പുതുക്കിയബജറ്റ്പ്രകാരം |
| മുന്നിരിപ്പ് | 4856248 | 21274615.05 |
| വരവ് | 136366600 | 182733107 |
| ആകെ | 141222848 | 204007722.05 |
| ചെലവ് | 137208650 * | 199171863 |
| നീക്കിയിരിപ്പ് | 4014198 | 4835859.05 |

* ഭരണ സമിതി മിനുട്ട്സിൽ തുക തെറ്റായിട്ടാണ് ചേർത്തിട്ടുള്ളത് .ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സ്ഥാപനമേധാവികളുടെ യോഗം 6.1.20 ന് വിളിച്ച് ചേർത്തിട്ടുണ്ട്. എന്നാൽ ഘടക സ്ഥാപനങ്ങൾ ബജറ്റ് പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിൽ ബജറ്റ് മാന്വലിൽ നിർദ്ദേശിച്ചിരിയ്ക്കുന്ന പ്രകാരമുള്ള സമയക്രമം പാലിച്ചിട്ടില്ല. എന്നാൽ കരട് /അന്തിമ ബജറ്റ് അംഗീകരിക്കുന്നതിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും, ഭരണസമിതിയും സമയക്രമം പാലിച്ചിട്ടുണ്ട്. പെർഫോർമൻസ് ബജറ്റ് &ജൻഡർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല

## 1-2 വാർഷിക ധനകാര്യ പത്രിക

ഭരണസമിതിയുടെ 10.05.2021 തീയതിയിലെ 82/2021 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 1.07.2021 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1)വസ്തു നികുതി ഡിമാൻഡ്, കളക്ഷൻ & ബാലൻസ് സഞ്ചയയും , സാംഖ്യയും തമ്മിൽ ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്ത് പൊരുത്തപ്പെടുത്തിയിട്ടുണ്ടെങ്കിലും, അഡ്ജസ്റ്റ്മെന്റ് ചെയ്ത് കഴിഞ്ഞ ബാക്കി തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല .

| 2019-20 ലെ ബാലൻസ് | 2020-21- | 2020-21ലെ ബുക്ക് | 2020-21ബാലൻസ് |
|---|---|---|---|

| ഷീറ്റ് (B- 9 ഷെഡ്യൂൾ) വസ്തു നികുതി മുൻകൂർ | (RP- 36ഷെഡ്യൂൾ) വസ്തു നികുതി മുൻകൂർ | അഡ്ജസ്റ്റ്മെന്റ് | ഷീറ്റ്- വസ്തു നികുതി മുൻകൂർ (B- 9 ഷെഡ്യൂൾ) |
|---|---|---|---|
| 35764.8 | 0 | 8883 | 28361.8 |

2) B- 9 ഷെഡ്യൂളിലെ വസ്തു നികുതി അഡ്വാൻസ് കളക്ഷനേക്കാൾ (₹28,361.80 )കൂടുതലാണ് വസ്തു നികുതി സർവ്വീസ് സെസ്സ് അഡ്വാൻസ് കളക്ഷൻ (94,101 രൂപ)

3)RP-38 ലെ ഫിക്സഡ് അസറ്റിൽ - മൂവബിൾ അസറ്റ്- ഓഫീസ് എക്യൂപ്മെന്റ് &അദർ എക്യൂപ്മെന്റിൽ വെറ്ററിനറി ഡിസ്പെൻസറിയിലേയ്ക്കുള്ള പ്രിന്റർവാങ്ങൽ (പ്രോജക്ട് -31/21) , ബോട്ടിൽ ബൂത്ത്(പ്രോജക്ട് – 180/21) , എന്നിവയും മൂവബിൾഅസറ്റ്-ഫർണ്ണിച്ചർ, ഫിക്സ്ച്ചേസ്, ഫിറ്റിംഗ്സ്& ഇലക്ട്രിക്കൽ അപ്ലൈയൻസസ് എന്നിവയിൽ ആയുർവേദ ഡിസ്പെൻസറി കെട്ടിടം ഉപകരണങ്ങളും(പ്രോജക്ട് -170/21) , ഉൾപ്പെടുത്തിയിട്ടില്ല

4)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

5) ബി.17-ൽ ട്രഷറി ടി.എസ്.ബി. അക്കൗണ്ടിൽ 10996 രൂപ നീക്കിയിരിപ്പ് കാണിച്ചത് വ്യക്തമല്ല.

6)B- 18ഷെഡ്യൂളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കുള്ള 3,47,530 മുൻകൂറിൽ 3,37,530 മാത്രമേ ഈ പദ്ധതിയിൽ ക്രമപ്പെടുത്തുവാനുള്ളൂ. 10,000 രൂപയുടെ വിശദവിവരം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല .

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 2,75,96,815.99 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,54,09,993.00 |
| ആകെ | 10,30,06,808.99 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,81,74,284.00 |
| നീക്കിയിരിപ്പ് | 1,48,32,524.99 |
| വരവിനങ്ങളിലെ നഷ്ടം/ | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3682539 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ്/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12220875 | 12220875 | 12220875 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1381000 | 1381000 | 1340097 | 40903 |
| മെയിന്റനൻസ്-റോഡ് | 0 | 7553000 | 7553000 | 7553000 | - |
| മെയിന്റനൻസ് -നോൺറോഡ് | 0 | 39,76,000 | 39,76,000 | 28,15,990 | 11,60,010 |
| സെൻട്രൽഫിനാൻസ് കമ്മീഷൻഗ്രാന്റ് (C.F.C Basic) | 0 | 10150982 | 10150982 | 8147185 | 2003797 |
| സെൻട്രൽഫിനാൻസ് കമ്മീഷൻഗ്രാന്റ് (C.F.C | 0 | 4760000 | 4760000 | 2314793 | 2445207 |

| | | | | | |
|---|---|---|---|---|---|
| Tied) | | | | | |
| കേന്ദ്രാവിഷ്കൃത വിഹിതം | | | | | |
| ഐസിഡിഎസ് | 11168 | 782537 | 793705 | 793705 | 0 |
| ടിഎസ് സി | 528407 | 3148274 | 3676681 | 2492742 | 11,83,939 |
| എസ്.ജി.എസ്.വൈ. | 287232 | 0 | 287232 | 0 | 287232 |
| ടി.എസ്.സി. | 235978 | 0 | 235978 | 0 | 235978 |
| പി.എ.യു. ജില്ലാ വിഹിതം | 39700 | 0 | 39700 | 0 | 39700 |
| ജലനിധി | 10000 | 0 | 10000 | 0 | 10000 |
| സോഷ്യൽ വെൽഫെയർ കാപ്പിറ്റൽ | 0 | 54000 | 54000 | 0 | 54000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| അഗതി രഹിത കേരളം | 30732 | 772070 | 802802 | 772070 | 30732 |
| ബഡ്സ് സ്കൂൾ ഗ്രാന്റ് എഡ്യൂക്കേഷൻ | 1979 | 786750 | 7,88,729 | 0 | 7,88,729 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ് കാപ്പിറ്റൽ | 5907021 | 0 | 5907021 | 5907021 | 0 |
| നിർമ്മൽ പുരസ്കാരം | 40790 | 0 | 40790 | 0 | 40790 |
| എം.എൻ.ആർ.ഇ.ജി.എസ് 100 ദിന തൊഴിൽ ബോണസ് | 0 | 331776 | 331776 | 331776 | 0 |
| കോർപ്പറേഷനിൽ നിന്നും ലഭിച്ച തുക (സംയുക്ത പ്രോജക്ട് കൊട്ടാരത്ത് കുളം നവീകരണം) | 0 | 800000 | 800000 | 0 | 800000 |
| തെയ്യം കലാ അക്കാദമി ഗ്രാന്റ് | 0 | 2500000 | 2500000 | 0 | 2500000 |
| വിമുക്തി | 23510 | 11050 | 34560 | 0 | 34560 |
| സാക്ഷരത | 12089.14 | 302 | 12391.14 | 0 | 12391.14 |

ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഇവയിൽ വികസനഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് എന്നിവയിലെ തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിലും മറ്റു ഫണ്ടുകൾ പൊരുത്തപ്പെടുന്നില്ല. മേൽ പറഞ്ഞ കണക്കുകൾ തയ്യാറാക്കിയത് പഞ്ചായത്തിലെ രജിസ്റ്ററും അനുബന്ധ രേഖകളും അടിസ്ഥാനമാക്കിയാണ്. വികസന ഫണ്ട് ജനറൽ & മെയിന്റനൻസ് റോഡ് എന്നിവ 100% വിനിയോഗിച്ചിട്ടുണ്ട് .മെയിന്റനൻസ് റോഡിതരം , സെൻട്രൽഫിനാൻസ് കമ്മീഷൻഗ്രാന്റ് എന്നീ ഗ്രാന്റുകളിലെ വിനിയോഗം വളരെ കുറവാണ് . വിവിധ ഗ്രാന്റിനത്തിൽ ഈ വർഷം 24.45 ലക്ഷം ഫണ്ട് ലാപ്സായിട്ടുണ്ട്.പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി തുക ലാപ്സാകുന്ന സ്ഥിതി ഒഴിവാക്കേണ്ടതാണ് . ഉണഭോക്തൃവിഹിതം നീക്കിയിരിപ്പിലുള്ള തുകയിൽ 4627 ഏതിനത്തിലെയാണെന്ന് വ്യക്തമാക്കിയിട്ടില്ല . സാക്ഷരത,ദുരിതാശ്വാസനിധി എന്നിവയിൽ പലിശ മാത്രമേ വരവായിട്ടുള്ളൂ. മുൻവർഷങ്ങളിൽ നീക്കിയിരിപ്പായി തുടരുന്ന ചില ഇനങ്ങൾ ഈ വർഷവും വിനിയോഗിച്ചിട്ടില്ല. തുക വിനിയോഗിക്കാത്തപക്ഷം തിരിച്ചടക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | അടങ്കൽ | പൂർത്തിയാക്കിയ പദ്ധതി | ഭാഗികമായി നടപ്പാ | നടപ്പാക്കാത്തവ | ചെലവ് | പൂർത്തീകരിച്ച പ്രൊജക്ടു |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | കളുടെ എണ്ണം | ക്കിയത് (എണ്ണം) | | | കളുടെ ശതമാനം |
| 160 | 128 | 101781669 | 128 | 0 | 32 | 6,51,68,450 | 80 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 13 | 2057341 | 13 | 2052658 | 99.77 |
| 2 | വെറ്റിനറി സർജൻ | 6 | 1142227 | 6 | 982773 | 86.04 |
| 3 | മെഡിക്കൽഓഫീസർ (പിഎച്ച്സി) | 12 | 4299000 | 12 | 3913066 | 91.02 |
| 4 | മെഡിക്കൽഓഫീസർ (ഹോമിയോ) | 1 | 300000 | 1 | 300000 | 100 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ഒളവിലം) | 11 | 5399400 | 8 | 3876650 | 71.79 |
| 6 | വില്ലേജ്എക്സ്റ്റൻഷൻഓഫീസർ (നിടുമ്പ്രം) | 11 | 7305800 | 10 | 2962947 | 40.55 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 5370761 | 8 | 4308293 | 72.58 |
| 8 | സെക്രട്ടറി | 28 | 32100228 | 19 | 23298619 | 72.58 |
| 9 | അസിസ്റ്റന്റ്എഞ്ചിനീയർ | 60 | 40001762 | 41 | 21746684 | 54.36 |
| 10 | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 2 | 1920000 | 2 | 131800 | 6.86 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 300000 | 1 | 100000 | 33.33 |
| 12 | അസിസ്റ്റന്റ്സെക്രട്ടറി | 7 | 1585150 | 7 | 1494960 | 94.31 |
| | ആകെ | 160 | 101781669 | 128 | 6,51,68,450 | 64.02 |

തൻവർഷം പൂർത്തിയാക്കിയ പ്രോജക്ടുകളുടെ എണ്ണം 128 എന്നും ഭാഗികമായി നടപ്പിലാക്കിയ പദ്ധതികൾ ഒന്നും ഇല്ല എന്നുമാണ് പഞ്ചായത്തിൽ നിന്നും മറുപടി ലഭ്യമാക്കിയത്. ആയത് ശരിയല്ല . ഉദാഹരണത്തിന് അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വീട്ടുവളപ്പിൽ പടുതാക്കുളം പദ്ധതി തൻവർഷം പൂർത്തിയാക്കിയിട്ടില്ല. 2021-22 ൽ ഈ പ്രോജക്ട് തുടരുന്നുണ്ട്. ഈ വിധത്തിലുള്ള പ്രോജക്ടുകൾ ഏതെല്ലാമെന്ന് പരിശോധിച്ച് ഭാഗികമായി നടപ്പിലാക്കിയ പദ്ധതികളുടെ ശരിയായ എണ്ണം ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ പദ്ധതി നിർവ്വഹണം 68% മാത്രമാണ്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗൻവാടി കെട്ടിട സ്ഥലമെട്ടുപ്പ് പദ്ധതി ആവിഷ്കരിച്ചെങ്കിലും ഈ വർഷം നടപ്പിലാക്കിയിട്ടില്ല. പൗരാവകാശരേഖ പ്രസിദ്ധീകരിക്കൽ, എം സിഎഫിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ തുടങ്ങിയ പദ്ധതികൾ ഈ വർഷം പ്രാവർത്തികമാക്കിയിട്ടില്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4,792.35 | 9,68,039.00 | 9,72,831.35 | 9,71,922.00 | 909.35 |
| തൊഴിലാളികളുടെ കൂലി | | 2,14,40,672.00 | 2,14,40,672.00 | 2,14,40,672.00 | |
| ആകെ | 4,792.35 | 2,24,08,711.00 | 2,24,13,503.35 | 2,24,12,594.00 | 909.35 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 2342700 | 159 |
| വിധവാപെൻഷൻ | 15626900 | 982 |
| വാർദ്ധക്യകാലപെൻഷൻ | 32347600 | 2145 |
| വികലാംഗപെൻഷൻ | 4650500 | 298 |
| അവിവാഹിതപെൻഷൻ | 2877300 | 181 |
| വിവാഹധനസഹായം | 150000 | 5 |

## 1-7-1 സർവ്വീസ് /ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യസുരക്ഷപെൻഷൻ തിരിച്ചടക്കാത്തത്

പഞ്ചായത്ത് ഡയറക്ടറുടെ 4/3/2021 PAN/2566/2020-DBT1(DP)നം കത്ത് പ്രകാരം താഴെ പറയുന്ന ,സർവ്വീസ് പെൻഷൻ, ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷപെൻഷൻ തിരിച്ചടക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരോട് നിർദ്ദേശിച്ചിട്ടുണ്ട്. ചൊക്ലി ഗ്രാമ പഞ്ചായത്തിൽ താഴെ കാണും പ്രകാരം സർവ്വീസ് പെൻഷൻ,ഫാമിലി പെൻഷൻ ലഭിക്കുന്ന 6 ഗുണഭോക്താക്കൾ അനർഹമായി തുക കൈപ്പറ്റിയിട്ടുണ്ട്.ഇതിൽ ഒരാൾ തുക തിരിച്ചടച്ചിട്ടുണ്ട്.ബാക്കിയുള്ള 5 പേരുടെ വിവരം താഴെ കൊടുക്കുന്നു.

| പേര് | പെൻഷണർ ഐഡി | അനർഹമായി കൈപ്പറ്റിയ തുക | പെൻഷൻ |
|---|---|---|---|
| ശ്രീമതി.രോഹിണി വാളാട്ട് ഹൗസ്, നിട്ടുംമ്പ്രം,ചൊക്ലി | 111500200605 | 53,300 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ |
| ശ്രീ.രാമചന്ദ്രൻ.വി.കെ എടത്തിൽ, നിട്ടുംമ്പ്രം, ചൊക്ലി | 11500201774 | 3000 | " " |
| ശ്രീമതി.ചന്ദ്രമതി.കെ, ചൈതന്യ, | 11500600677 | 70,500 | " " |

| | | | |
|---|---|---|---|
| പടിഞ്ഞാറെകുഞ്ഞിപ്പറമ്പത്ത്, ചൊക്ലി | | | |
| ശ്രീമതി.ലീലാവതി.പി.പി , ചീരോകരക്കണ്ടി, ചൊക്ലി | 11500202320 | 10,000 | " " |
| ചന്ദ്രി.എം.വി തയ്യിൽ താഴെ വീട്, നിടുംമ്പ്രം,ചൊക്ലി | 11500200649 | 33,900 | " " |
| ആകെ | | 1,70,700 | |

ഇവർ തുക സാമൂഹ്യ സുരക്ഷപെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് തിരിച്ചടച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-10-2021തീയ്യതിയിൽ 2.55 Pm സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹12298/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

2020-21 വർഷം കോവിഡ് 19 ലോക്ക് ഡൗൺ ആയതിനാൽ ,ഓഫീസ് മീറ്റിംഗ് 4/20 ,5/20 മാസങ്ങളിൽ ചേർന്നിട്ടില്ല . നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കേരള സർവീസ് റൂൾസ് പാർട്ട് 3 ചട്ടം 150 ൽ അനുശാസിക്കും പ്രകാരം ജീവനക്കാരുടെ സേവന പുസ്തകത്തിൽ സേവന പരിശോധന പത്രം ( Memmorandum Of Service ) രേഖപ്പെടുത്തി കാലികമാക്കിയിട്ടില്ല . 2017 – 18 ൽ തനത് ഫണ്ടിൽ നിന്നും കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തെറ്റായി നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികളൊന്നും ഉത്തരവാദപ്പെട്ടവർ സ്വീകരിക്കാത്തത് പോരായ്മയായി നിലനിൽക്കുന്നു .

സർവ്വീസ് പെൻഷൻ,ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷപെൻഷൻ അക്കൗണ്ടിലേയ്ക്ക് ഇതുവരെ തിരിച്ചടച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-10 കമ്മിറ്റി

2020-21 വർഷം ആസൂത്രണ സമിതി 3 തവണ കൂടിയിട്ടുണ്ട്. ഈ വർഷം ആസൂത്രണ സമിതി പുനസംഘടിപ്പിച്ചിട്ടില്ല. വാർഷിക പദ്ധതി രൂപീകരണത്തിനായി 18.12.2019 , 23.1.20 , 25.5.20 എന്നീ തീയതികളിൽ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ തീരുമാനങ്ങൾ പൂർണ്ണമാക്കുകയോ, അവ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല . 2020-21 വാർഷിക പദ്ധതി രൂപീകരണത്തിനായി 23.01.2020-ലും 25.05.2020-ലും യോഗം ചേർന്നിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകൾ - 2 തവണയെ കൂടിയിട്ടുള്ളൂ. മിക്കവയിലും തീരുമാനങ്ങൾ എഴുതുന്നില്ല . പങ്കെടുക്കുന്നവരുടെ എണ്ണം കേവലം 2 പേരിൽ മാത്രമായി ഒതുങ്ങിയ വർക്കിംഗ് ഗ്രൂപ്പുകളുണ്ട്. ഭരണ സമിതിയുടെ 15.1.2021 ലെ -12/21(2) തീരുമാനപ്രകാരം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയായി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല. (ഖ-1-19, 1-22, 1-29 കാണുക). മിനുട്ട്സിൽ തീരുമാനങ്ങൾ എഴുതി സാക്ഷ്യപ്പെടുത്തേണ്ടതും ,വർക്കിംഗ് ഗ്രൂപ്പുകൾ ശക്തിപ്പെടുത്തേണ്ടതുമാണ്

സ്റ്റിയറിംഗ് കമ്മിറ്റി 10/20 ലും ,2/21ലും യോഗം ചേർന്നിട്ടില്ല. പുതിയ ഭരണ സമിതിയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി 16.1.2021 ന് യോഗം കൂടിയിട്ടുണ്ടെങ്കിലും മിനുട്ട്സ് എഴുതിയിട്ടില്ല
നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം പ്രതിമാസം ചേർന്ന് തീരുമാനങ്ങൾരേഖപ്പെടുത്തുന്നുണ്ട്
2020-21 ജനകീയാസൂത്രണ വികസന സെമിനാർ 17.2.2020 നും ദുരന്ത നിവാരണ പദ്ധതി വികസന സെമിനാർ 12.2.2020 നും യോഗം ചേർന്നിട്ടുണ്ട്.

## 1-11 ഗ്രാമ സഭ

2020-21 വർഷം 1 ഗ്രാമ സഭ മാത്രമേ കൂടിയിട്ടുള്ളൂ. 2019-20 വരവ് ചെലവ് കണക്ക് അവതരണം, 2020-21 ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, 2021-22 കരട് പദ്ധതിരേഖ അവതരണം എന്നിവയാണ് അജണ്ട. ഗ്രാമ സഭകളിൽ പങ്കെടുക്കുന്നവരുടെ മേൽവിലാസം ചേർക്കുന്നില്ല. ഗ്രാമ സഭകളിൽ ജന പ്രാതിനിധ്യം നിശ്ചിത ക്വാറം തികയുന്നുണ്ട്.

## 1-12 ദുരിതാശ്വാസ നിധി

പേമാരി, വെള്ളപ്പൊക്കം, മറ്റ് പ്രകൃതി ക്ഷോഭങ്ങൾ, മാറാരോഗം മുതലായ കാരണങ്ങളാൽ ദുരിതമനുഭവിക്കുന്ന നിർധനരായവർക്ക് അവരുടെദുരിതനിവാരണാർത്ഥംഅടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമ പഞ്ചായത്തും ഒരു പ്രമേയം മൂലം, ഗ്രാമ പഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്നതിനായി രൂപീകരിച്ച നിധിയാണ് ദുരിതാശ്വാസ നിധി. (2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും). ചൊക്ലി ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധിയിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം തൻ വർഷം പലിശ മാത്രമേ വരവായിട്ടുള്ളൂ. ആകെ 37,422 രൂപ നീക്കിയിരിപ്പുണ്ട്. ചെലവ് ഒന്നും ഉണ്ടായിട്ടില്ല .

മേൽചട്ടങ്ങളിലെ ചട്ടം 4 ഉപചട്ടം (2) പ്രകാരം ദുരിതാശ്വാസ നിധിയ്ക്ക് പ്രസിഡണ്ടും, സെക്രട്ടറിയും, ഗ്രാമ പഞ്ചായത്തിലെ ഒരംഗവും ഉൾപ്പെടുന്ന സബ്കമ്മിറ്റി രൂപീകരിക്കണമെന്നും പ്രസ്തുത കമ്മിറ്റിയുടെ ചെയർമാൻ പ്രസിഡണ്ടും, കൺവീനർ സെക്രട്ടറിയും ആയിരിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ ഇപ്രകാരമുള്ള സബ്കമ്മിറ്റി രൂപീകരിച്ചിട്ടില്ല .

തൻവർഷം അപേക്ഷ ലഭിക്കാത്തതിനാൽ ധനസഹായം അനുവദിച്ചിട്ടില്ല എന്നും, പുതിയ ഭരണസമിതി അംഗങ്ങളെ ഉൾപ്പെടുത്തി സബ്കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

## 1-13 വി.ഇ.ഒ. (ഒളവിലം) - രസീതുകളുടെ കളക്ഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

2020-21 സാമ്പത്തിക വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിന് ഗുണഭോക്തൃ വിഹിതം സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. 21-10-2020 തീയ്യതി നൽകിയ 14,16,19 നമ്പർ രസീത് ബുക്കുകളിലും 04-11-2020 തീയ്യതി നൽകിയ 1,3,4,5,7 നമ്പർ രസീത് ബുക്കുകളിലും തീയ്യതി രേഖപ്പെടുത്താതെയാണ് രസീതുകൾ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത് ആയതിനാൽ പിരിച്ച തുക അതാത് ദിവസമോ തൊട്ടടുത്ത ദിവസമോ ബാങ്കിൽ ഒടുക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ (ജി.ഒ. (എം.എസ്) നമ്പർ 83/11/എൽ.എസ്.ജി.ഡി. തീയതി 28.03.2011) ചട്ടം 23 പ്രകാരം കാഷ്, മണിയോർഡർ, ചെക്ക്, ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും ലഭിക്കുന്ന തുകകൾ 500 രൂപയിൽ അധികരിക്കുകയാണെങ്കിൽ അതേ ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്ത ദിവസമോ ബന്ധപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. ചട്ടങ്ങൾക്ക് വിരുദ്ധമായ ഇത്തരം പ്രവണതകൾ പദ്ധതികളുടെ ശരിയായ നടത്തിപ്പിന് അഭിലഷണീയമല്ല. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27/20.10.2021) വി.ഇ.ഒ. മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ ശരിയായ വിശകലനത്തിനും കൃത്യമായ ഓഡിറ്റിംഗിനും ഗുണഭോക്തൃ വിഹിതം സ്വീകരിച്ചതിന്റെ കണക്കുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-14 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ നടപടി ക്രമങ്ങൾ പാലിക്കുന്നില്ല

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിരുന്നു. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ ലൈസൻസിനായുള്ള അപേക്ഷകൾ പരിശോധിച്ചതിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം കണക്കാക്കി രേഖപ്പെടുത്തിയിരുന്നില്ല . ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേര് | വാർഡ് / കെട്ടിട നമ്പർ | നിശ്ചയിച്ച ഫീ |
|---|---|---|---|---|
| 1 | തിത്തി ലേഡീസ് ടൈലറിങ് &ചുരിദാർ മെറ്റീരിയൽസ് | ശോഭ സി.എച്ച് | 16/737 | 400 |
| 2 | കൃഷ്ണ ഏജൻസിസ് | മുകുന്ദൻ ഇ. കെ | 3/606 | 400 |
| 3 | ഡിവൈൻ ഫാർമ | പ്രമോദ് കെ . | 16/101, 16/102 | 200 |
| 4 | റേഷൻ കട (ARD 285-61) | സുരേന്ദ്രനാഥ് ടി.കെ | 16/72B | 200 |

കൂടാതെ ഒട്ടുമിക്ക അപേക്ഷകളും പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിരുന്നുമില്ല. സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീ നിശ്ചയിച്ചതിന്റെ അടിസ്ഥാനമെന്തെന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 19 / 12.10.2021 മുഖേന അന്വേഷിച്ചപ്പോൾ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് ലൈസൻസ് ഫീ നിശ്ചയിച്ചതെന്നും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ ചേർക്കാൻ വിട്ടു പോയതാണെന്നും പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട് .സാക്ഷ്യപ്പെടുത്താൻ വിട്ടുപോയ അപേക്ഷകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് . തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-15 IKM വിനിയോഗസാക്ഷ്യപത്രമില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | 6/21 |
| പ്രൊജക്ടിന്റെ പേര് | ഐ.കെ.എം ന് വിഹിതം നൽകൽ |
| അടങ്കൽ | ₹80000 (വികസന ഫണ്ട്) |
| ചെലവ് | ₹54410 (വികസന ഫണ്ട്) |
| ബിൽ നം./തിയതി/തുക | 20220352009101190345/05.03.21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ചൊക്ലി ഗ്രാമപഞ്ചായത്ത്. |

ഐ.കെ.എം. ന് വിഹിതം നൽകൽ എന്ന മേൽ പദ്ധതി പ്രകാരം 2020-21 സാമ്പത്തികവർഷം ചൊക്ലി ഗ്രാമപഞ്ചായത്ത് വിഹിതമായി ₹54410 ഐ.കെ.എം. ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഈ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-16 ആട് വിതരണ പദ്ധതി- പർച്ചേസിംഗ് കമ്മിറ്റി ഗുണനിലവാരം ഉറപ്പ് വരുത്തിയിട്ടില്ല- തുക 2,10,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ടിന്റെ പേര് &നം | 11/21 |
| അടങ്കൽ | 1,05,000<br>(വികസന ഫണ്ട്- പൊതു വിഭാഗം -സാധാരണ വിഹിതം)<br>1,05,000 (ഗുണഭോക്തൃ വിഹിതം -സ്ഥാപനത്തിൽ ഒടുക്കുന്നത്) |
| ചെലവ് | 1,05,000 (വികസന ഫണ്ട്)<br>1,05,000 (ഗുണഭോക്തൃ വിഹിതം -സ്ഥാപനത്തിൽ ഒടുക്കുന്നത്) |
| ബിൽ നം & തീയതി | 20220352013500694854 തീയതി 6.11.2020 -1,05,000<br>ചെക്ക് നം. 049767 തീയതി 21.1.2021 - 1,05,000 |

പഞ്ചായത്തിലെ പൊതു വിഭാഗത്തിൽപെട്ട 15 പേർക്ക് 2 ആടിനെ വീതം നൽകുന്ന പദ്ധതിയിൽ ആകെ 30 ആടുകളെ (@7,000) ലഭ്യമാക്കിയ വകയിൽ സ്വരം കുടുബശ്രീ സെക്രട്ടറി ശ്രീമതി ഗൗരി ഇ.കെ-യ്ക്ക് മേൽ തുക നൽകിയിട്ടുണ്ട്. 3.9.20 ന് ഗുണഭോക്തൃ പർച്ചേസ് കമ്മിറ്റി യോഗം ചേർന്ന് ഗുണനിലവാരം ഉറപ്പ് വരുത്തി സ്വരം കുടുബശ്രീയിൽ നിന്നും വാങ്ങാൻ തീരുമാനിക്കുകയായിരുന്നു .സ ഉ (കൈ) നം - 22/2018 ത സ്വ ഭ വ തീയതി 14.2.218 ഖ-6.2(2)ൽ ആടിന് 6-8 മാസം പ്രായമുള്ളവയായിരിക്കണമെന്നും 12 കിഗ്രാം എങ്കിലും ഭാരം ഉണ്ടായിരിക്കണമെന്നും, ആടിന്റെ എണ്ണവും, യൂണിറ്റ് കോസ്റ്റും ജില്ലാതലത്തിൽ നിശ്ചയിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 3.9.20 ന് കുനിയിൽ പീടിക മൃഗാശുപത്രിയിൽ കൂടിയ ഗുണഭോക്തൃ പർച്ചേസ് കമ്മിറ്റി യോഗത്തിൽ വെറ്റിനറി സർജ്ജൻ, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ തുടങ്ങിയവർ പങ്കെടുത്തിട്ടുണ്ട്. ഈ കമ്മിറ്റിയിൽ മേൽ പറഞ്ഞ മാനദണ്ഡങ്ങൾപരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. ഇവ ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്ന് ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-6തീയതി11.10.2021) കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല. യൂണിറ്റ് കോസ്റ്റ് @8,000 നിശ്ചയിച്ചതിന്റെ രേഖകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. മേൽ പറഞ്ഞ മാനദണ്ഡങ്ങൾ പാലിച്ചാണ് ആടിനെ വാങ്ങിച്ചത് എന്ന് ഉറപ്പുവരുത്തിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. അതുവരെ 2,10,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 മരുന്ന് വാങ്ങൽ പദ്ധതി- ക്വട്ടേഷനിലെ തിരുത്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല -തുക 95,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്റ്റിന്റെ പേര് &നം | വെറ്റിനറി ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ -30/21 |
| അടങ്കൽ | 95,000 (സംരക്ഷണ ഗ്രാന്റ് – റോഡിതരം) |
| ചെലവ് | 95,000 (സംരക്ഷണ ഗ്രാന്റ് – റോഡിതരം) |
| ബിൽ നം & തീയതി | 20220352014301303420 -30.3.2021 |

വെറ്റിനറി ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതിയ്ക്ക് വേണ്ടി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഉഷാര ഡിസ്ട്രിബ്യൂട്ടേഴ്സ്, യോഗശാലാ റോഡ്, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും മേൽ പറഞ്ഞ തുകയ്ക്ക് മരുന്ന് വാങ്ങിയിട്ടുണ്ട്. ക്വട്ടേഷൻ നൽകിയ സ്ഥാപനമായ H M Drugs ,Stand View Complex -Kannur-ന്റെ ക്വട്ടേഷനിൽ ഭൂരിഭാഗം മരുന്നിന്റേയും നിരക്ക് തിരുത്തിയിട്ടാണ് ഉള്ളത്. തിരുത്ത് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല . അപാകം സംഭവിച്ചതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 4 തീയതി 10.10.2021 ) H M Drugsന്റെ പ്രൊപ്രൈറ്ററോട് ഇക്കാര്യം അറിയിച്ചതായും ക്ലറിക്കൽ തകരാർ വന്നതാണെന്നും ,ക്വാട്ട് ചെയ്ത വിലകൾ ശരിതന്നെയാണെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട് എന്നുമാണ് മറുപടി നൽകിയത്. എന്നാൽ മറുപടിയ്ക്ക് ആധാരമായ രേഖകളോ ,എഴുത്തുകളോ ഹാജരാക്കിയിട്ടില്ല. ആയതിനാൽ 95,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 എസ് എൽ ബി പി - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതും അധികതുക തിരിച്ചടക്കേണ്ടതും

| | |
|---|---|
| നിർവ്വഹണദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്റ്റിന്റെ പേര് &നം | കന്നുകുട്ടി പരിപാലൻ പദ്ധതി-8/21 |
| അടങ്കൽ | 2,50,000<br>(വികസന ഫണ്ട്-പൊതു വിഭാഗം)<br>2,50,000 (മറ്റുള്ളവ) |
| ചെലവ് | 2,50,000( വികസന ഫണ്ട് ) |
| ബിൽ നം & തീയതി | 20220352013500652275 -22.10.2020 |

2020-21 സാമ്പത്തിക വർഷത്തിൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി (20 ക്ഷീര കർഷകർക്കുള്ള പഞ്ചായത്ത് വിഹിതവും (@6250) സംസ്ഥാന വിഹിതവും (@6,250) ഉൾപ്പെടെ 2,50,000/-രൂപ) എസ്.എൽ. ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ എൻറോൾമെന്റ് പൂർത്തിയായിട്ടുണ്ടോ എന്നും , ഗുണഭോക്താക്കളിൽ 20 പേരും പദ്ധതിയിൽ തുടരുന്നുണ്ടോ എന്നും, പാതി വഴിയിൽ ഉപേക്ഷിച്ചവരുണ്ടോ എന്നും അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 11 തീയതി 13.10.2021) എൻറോൾമെന്റ് പൂർത്തിയായതായും, ശ്രീ.ചന്ദ്രൻ മൊറൊമർക്കണ്ടി എന്ന ഗുണഭോക്താവിന്റെ കന്നുകുട്ടി മരണപ്പെട്ടതായും ടിയാന് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് കാലിത്തീറ്റ വാങ്ങി, കാലയളവ് വർദ്ധിപ്പിച്ച് മറ്റുള്ളവർക്ക് വിതരണം ചെയ്യും എന്ന മറുപടിയാണ് നൽകിയത്. എസ്.എൽ.ബി.പി. ഗൈഡ് ലൈൻസ് പ്രകാരം 4 മാസം മുതൽ പ്രായമുള്ള കന്നുകുട്ടികൾക്ക് അവ 32 മാസം പ്രായമാകുന്നതുവരെയോ, അല്ലെങ്കിൽ ആദ്യ പ്രസവം വരെയോ, ഏതാണോ ആദ്യം വരുന്നത് അതുവരെയോ കാലിത്തീറ്റ അനുവദിക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതിനാൽ അധിക തുക ഉപയോഗിച്ച 32 മാസം കഴിഞ്ഞ മറ്റ് കന്നുകുട്ടികൾക്ക് തീറ്റ വിതരണം ചെയ്യും എന്ന മറുപടി അംഗീകരിക്കുന്നില്ല. പദ്ധതിക്ക് വേണ്ടി വിനിയോഗിച്ച തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം പദ്ധതി പൂർത്തിയാക്കുന്നമുറക്ക് ലഭ്യമാക്കേണ്ടതും അധിക തുക അതാത് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

## 1-19 സ്റ്റോക്ക് രജിസ്റ്റർ, കാഷ് ബുക്ക് ,സബ്സിഡിയറി രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല .

| | |
|---|---|
| നിർവ്വഹണദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്റ്റിന്റെ പേര് &നം | വെറ്ററിനറി ഡിസ്പെൻസറിയിലേയ്ക്ക് യു പി എസ്, മൾട്ടിപർപ്പസ് പ്രിന്റർ വാങ്ങൽ -31/21 |
| അടങ്കൽ | 16,000 (സംരക്ഷണ ഗ്രാന്റ് – റോഡിതരം ) |
| ചെലവ് | 16,000 (സംരക്ഷണ ഗ്രാന്റ് – റോഡിതരം ) |
| ബിൽ നം &തീയതി | 20220352013500919624 Dt 11.1.2021-11,200 |

| | | |
|---|---|---|
| | 20220352013501367550 Dt 26.3.2021- | 4,800 |

വെറ്ററിനറി ഡിസ്പെൻസറിയിലേയ്ക്ക് യു പി എസ്,മൾട്ടിപർപ്പസ് പ്രിന്റർ വാങ്ങൽ പദ്ധതിയിൽ ,യു പി എസ്-4,800 -BIZZ IT DIGI WORLD-TLYഎന്ന സ്ഥാപനത്തിൽ നിന്നും ,പ്രിന്റർ- 11,200 , CORPORATE BUSINESS SOLUTIONS, CALICUT എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്. മുൻവർഷം ലഭിച്ച ഉപകരണങ്ങൾ ഉൾപ്പെടെ സ്റ്റോക്കിൽ ചേർക്കുന്നതിന് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഉപകരണങ്ങൾ ഒരു നോട്ട് ബുക്കിലാണ് സ്റ്റോക്കിലെടുത്തിരിക്കുന്നത്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഇവ സാക്ഷ്യപ്പെടുത്തിയിട്ടില്ല . നിർവ്വഹണ ഉദ്യോഗസ്ഥൻ TR-7(A) കാഷ് ബുക്ക് ,സബ്സിഡിയറി രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല .ഈ വർഷം നടപ്പിലാക്കിയ പദ്ധതികളുടെ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. രജിസ്റ്ററുകളും രേഖകളും കുറ്റമറ്റതാക്കി സൂക്ഷിക്കേണ്ടതാണ്

**1-20 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

ചൊക്ലി ഗ്രാമ പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ 2020-21 വർഷത്തെ നിർമ്മാണ പ്രവൃത്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ 2018-19 വർഷം വരെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചത് (8/12.10.2021) . ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-21 ഡെത്ത് രജിസ്ട്രേഷൻ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല**

പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെടുന്നത് പരിശോധിക്കാനായി ഡെത്ത് റിപ്പോർട്ടും, ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കുന്ന രേഖകളും ആവശ്യപ്പെട്ടപ്പോൾ, ഡെത്ത് റിപ്പോർട്ടും, രേഖകളും രജിസ്റ്ററിൽ ബൈൻഡ് ചെയ്ത് സൂക്ഷിക്കുന്നില്ല എന്ന് കാണുകയുണ്ടായി. ഡെത്ത് റിപ്പോർട്ടിന്റെ കൂടെ വയ്ക്കുന്ന അപേക്ഷകൾ കൃത്യമായി ടാഗ് ചെയ്യുകയോ, റിപ്പോർട്ടുകൾ ദിവസവും, മാസവും വർഷവും തിരിച്ച് കൃത്യമായി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. മരണറിപ്പോർട്ട് കൃത്യമായി സൂക്ഷിക്കേണ്ടതിലേയ്ക്ക് ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധയിൽപെടുത്തുന്നു.

**1-22 മത്തിപ്പറമ്പ് ആലയുള്ളതിൽ റോഡ് റീടാറിങ്ങ് -16.20 ലക്ഷം വിനിയോഗിച്ച റോഡ് പ്രവൃത്തിയിലെ പരാതിയിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം. | 148/2019-2020 (സ്പിൽ ഓവർ)<br>123/2020-21 |
| പ്രോജക്ടിന്റെ പേര് | മത്തിപ്പറമ്പ് ആലയുള്ളതിൽ റോഡ് റീടാറിങ്ങ് |
| കരാറുകാരൻ | കെ .വി.എം.അനന്തൻ |
| അടങ്കൽ | 16,20,000 (മെയിന്റനൻസ് ഫണ്ട് (റോഡ്) |
| ആകെ ചെലവ് | 16,20,000 |
| ആകെ പ്രവൃത്തിമൂല്യം | 16,15,713 |
| കരാർ തുക ,കരാർ തീയ്യതി | 16,19,677<br>AEC/ 17/18-19 , 1.10.2018 |
| അനുവദിച്ച സമയം | 4 മാസം (1.02.2019) |
| പൂർത്തീകരിച്ച തീയ്യതി | 30.5.2019 |
| എം ബുക്ക് നമ്പർ | 18/18-19, 2/19-20 |
| ബിൽ നമ്പർ/തീയതി | 20220352012100413309,25.05.20 |

675 മീറ്റർ റോഡ് റീടാറിംഗ് ചെയ്യുന്നതിന് 1800000/- രൂപ മതിപ്പ് ചെലവ് കണക്കാക്കി 2018-19 ൽ രൂപീകരിച്ച പദ്ധതിയാണ്. 2018-19 ൽ കരാർ വെക്കുകയും 2019-20 ൽ പൂർത്തിയാക്കിയതുമായ പ്രവൃത്തിക്ക് തുക അനുവദിച്ചത് 2020-21 ലാണ്. 01.10.2018 ലെ AEC/17/18-19 നമ്പർ കരാർ പ്രകാരം 01.02.19 ന് പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയത് 30.05.2019-നാണ് കരാറുകാരന്റെ

അപേക്ഷയിന്മേൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശ പ്രകാരം ദീർഘീകരണത്തിനുള്ള പിഴ ഈടാക്കികൊണ്ട്, ഭരണസമിതി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുകയാണ് ചെയ്തത്.

മത്തിപറമ്പ് ആലയുള്ളതിൽ റോഡിന്റെ ഒരു ഭാഗം മഴയത്ത് പൂർണ്ണമായി തകർന്നതായും റോഡിന്റെ ചില ഭാഗങ്ങളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലായെന്നും ബന്ധപ്പെട്ട അധികാരികൾ റോഡ് സന്ദർശിച്ച് ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് മത്തിപ്പറമ്പ് ആലയുള്ളതിൽ റോഡ് കമ്മിറ്റി ചെയർമാൻ സെക്രട്ടറിക്ക് പരാതി സമർപ്പിച്ചിരുന്നു . പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ 24.07.19 ന് സെക്രട്ടറി അസിസ്റ്റന്റ് എഞ്ചിനീയർക്ക് പരാതി കൈമാറിയിരുന്നു .

മത്തിപ്പറമ്പ് ആലയുള്ളതിൽ റോഡ് കമ്മിറ്റി ചെയർമാന്റെ പരാതിയിന്മേൽ അസിസ്റ്റന്റ് എഞ്ചിനീയർ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/13.10.2021) 24.07.19 ന് ലഭിച്ച പരാതിക്ക് ശേഷമാണ് കരാറുകാരന് കരാർ തുക അനുവദിച്ചിരിക്കുന്നതെന്നും (25.05.2020) പരാതി പരിഹരിച്ചതിനു ശേഷമായിരിക്കാം ബിൽ പ്രകാരമുള്ള തുക അനുവദിച്ചിട്ടുള്ളതെന്ന് അനുമാനിക്കാവുന്നതാണെന്നും, തുക അനുവദിച്ചതിനു ശേഷം പരാതികൾ ലഭിച്ചതായി ഫയലിൽ കാണാൻ സാധിച്ചിട്ടില്ല എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ലഭിച്ചത് .

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 09.09.2013 ലെ 54044/ഡിസി3/2013 നമ്പർ സർക്കുലർ പ്രകാരം റോഡ് നിർമ്മാണ പ്രവൃത്തി കഴിഞ്ഞ് റോഡുകൾക്ക് കേടുപാടുകൾ സംഭവിക്കുകയാണെങ്കിൽ അതേ കരാറുകാരന്റെ ചെലവിൽ തന്നെ കേടുപാടുകൾ തീർക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഇപ്രകാരം കേടുപാടുകൾ തീർക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 23.02.2006 ലെ 10475/പി-1/2006നമ്പർ സർക്കുലർ പ്രകാരം കരാറുകാരന്റെ പ്രവൃത്തിയിൽ അപാകതകളുണ്ടെങ്കിൽ പരിഹരിക്കുന്നതുവരെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകരുത്. എന്നാൽ കരാറുകാരന്റെ തീയതി രേഖപ്പെടുത്താത്ത അപേക്ഷയിന്മേൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകിയിട്ടുണ്ട് .

അപാകതകൾ പരിഹരിച്ചില്ലെങ്കിൽ തദ്ദേശ ഭരണ സ്ഥാപനത്തിന് സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക വിനിയോഗിച്ച് പരിഹരിക്കാം എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല .

മോണിറ്ററിംഗ് ഫലപ്രദമായി നടന്നിട്ടില്ലെന്നാണ് പ്രോജക്ട് മോണിറ്ററിംഗ് റിപ്പാർട്ട് പരിശോധനയിൽ കാണാനായത്.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് . വൻതുക ചെലവഴിച്ച് പൂർത്തിയാക്കിയ പ്രവൃത്തിയുടെ ശോചനീയാവസ്ഥ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-23 സ്കൂളുകൾക്ക് ടോയിലറ്റ് നിർമ്മാണം- രേഖകളുടെ അഭാവത്തിൽ ചെലവ് തുക 347292 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ/പേര് | 134/20-21( സ്കൂളുകൾക്ക് ടോയിലറ്റ് നിർമ്മാണം) |
| അടങ്കൽ | 406000 (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് | 347292 |
| ചെക്ക് നമ്പർ /തീയതി<br><br><br><br>ആകെ | 1-135249, 27.01.2021 - ₹3,34,888<br>2-135250, 27.01.2021 - ₹ 3,101<br>3- 594342, 27.01.2021 - ₹3,101<br>4- 594341, 27.01.2021 – ₹6,202<br>₹347292/- |
| കരാറുകാരന്റെ പേര് | വിജയൻ.എ |
| കരാർ തുക | 360592 |
| കരാർ തീയതി | AEC/26/2019- 20,17.12.19 |
| | |

| | |
|---|---|
| എം.ബുക്ക് നമ്പർ. | 28/2019-2020,15/2020-2021 |
| ആകെ പ്രവൃത്തി മൂല്യം | 310082, ജി.എസ്.ടി. കോമ്പൻസേഷൻ 12% = 37209.84 |

മേൽ പദ്ധതി പ്രകാരം പഞ്ചായത്തിലെ എയിഡഡ് സ്കൂളായ രാമകൃഷ്ണ ഹൈസ്കൂളിന് ടോയിലറ്റ് ബ്ലോക്ക് നിർമ്മിച്ച് നൽകുന്നതിന്ന വേണ്ടിയാണ് തുക ചെലവഴിച്ചിരിക്കുന്നത് . ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സർക്കാർ എൽ .പി/ യു.പി സ്കൂളുകൾ ഇല്ലാത്തതിനാൽ പ്രസ്തുത എയിഡഡ് സ്കൂളിന്ന വേണ്ടിയാണ് നിർമ്മാണ പ്രവൃത്തികൾ നടത്തിയിരിക്കുന്നത് .

സ.ഉ.(കൈ)11/2018/തസ്വഭവ/തിരു. തീ. 29.01.2018 ഖണ്ഡിക 7.6(8) പ്രകാരം എയിഡഡ് സ്കൂളിലും ടോയിലറ്റ് സൗകര്യം നടപ്പാക്കാവുന്നതാണ് . എന്നാൽ സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനം നടത്തണം എന്ന് സ്കൂളിന്റെ ഉടമസ്ഥർ (മാനേജ്മെന്റ് കമ്മിറ്റി) രേഖാമൂലം അപേക്ഷ സമർപ്പിക്കേണ്ടതും , സ്കൂളുകളിൽ പശ്ചാത്തല സൗകര്യം ഒരുക്കുമ്പോൾ സ്കൂൾ മാനേജ്മെന്റുമായി കരാർ ചമയ്ക്കേണ്ടതും സമ്മതപത്രം വാങ്ങേണ്ടതുമാണ് . എന്നാൽ സ്കൂളിന്റെ ഉടമസ്ഥർ അപേക്ഷ സമർപ്പിക്കുകയോ, കരാർ വെക്കുകയോ , സമ്മതപത്രം നൽകുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 8/12.10.21) വളരെ അധികം കുട്ടികൾ പഠിക്കുന്നതും കുട്ടികളുടെ അനുപാതത്തിനനുസരിച്ച് ടോയിലറ്റ് സൗകര്യം ലഭ്യമല്ലാത്തതുമായ സ്കൂളാണെന്നാണ് മറുപടിയിൽ അറിയിച്ചത്. മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവൃത്തി നടത്തുന്നതിന് കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. മേൽ പ്രതിപാദിച്ച അപാകങ്ങൾ കാരണം ₹ 347292 ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, ഫർണിച്ചർ വാങ്ങൽ പദ്ധതി -പ്രിന്റർ ലഭ്യമാകാത്തത്

| | |
|---|---|
| പ്രൊജക്ട് നമ്പർ | 72/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, |
| പ്രൊജക്ടിന്റെ പേര് | ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് കംപ്യൂട്ടർ,അനുബന്ധഉപകരണങ്ങൾ,ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | ₹48705 (റോഡിതര സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹43321 (റോഡിതര സംരക്ഷണ ഗ്രാന്റ്) |
| ബിൽ നമ്പർ, തീയ്യതി | 20220352009501214701/09.03.21 |

ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, ഫർണിച്ചർ വാങ്ങൽ എന്ന മേൽ പദ്ധതി പ്രകാരം ₹30258 യുടെ കംപ്യൂട്ടറിനും ₹13063യുടെ പ്രിന്ററിനുമായി ബിൽ നമ്പർ 20220352009501214701/09.03.21 മുഖേന ₹43,321 (റോഡിതരസംരക്ഷണഗ്രാന്റ്) കെൽട്രോണിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. കംപ്യൂട്ടർ ലഭ്യമാകുകയും സ്റ്റോക്കിലെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രിന്റർ നാളിതുവരെയായും ലഭ്യമായിട്ടില്ല. പ്രിന്റർ ലഭ്യമാക്കി സ്റ്റോക്കിലെടുക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 25/19.10.21)

## 1-25 പരമ്പരാഗത കൈത്തൊഴിലുകളുടെ പ്രോത്സാഹനം -അപാകങ്ങൾ- ₹50,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ ഒളവിലം |
| പ്രോജക്ട് പേര് , നമ്പർ | 12/2020-21 പരമ്പരാഗത കൈത്തൊഴിലുകളുടെ പ്രോത്സാഹനം |
| അടങ്കൽ | 50,000 വികസന ഫണ്ട്<br>50,000 ഗുണഭോക്തൃ വിഹിതം |
| ആകെ അടങ്കൽ | 1,00,000 |
| ചെലവ് | 50,000( വികസന ഫണ്ട് ) |
| | |

| | |
|---|---|
| ബിൽ നമ്പർ/തീയതി | 1922035200960076289З/31.10.2019 |

പരമ്പരാഗത കൈത്തൊഴിലുകളുടെ പ്രോത്സാഹനം എന്ന മേൽ പദ്ധതി പ്രകാരം ബാലൻ പാലോത്ത് എന്ന ഗുണഭോക്താവിന് ₹50,000 സബ്സിഡി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താവിന് കേരള ഗ്രാമീൺ ബേങ്കിൽ നിന്നും ലോൺ അനുവദിച്ച സാക്ഷ്യപത്രം ഫയലിൽ ഉണ്ട് .അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല . പ്രസ്തുത ഗുണഭോക്താവ് എന്ത് തൊഴിലാണ് ചെയ്യുന്നതെന്നോ, നിലവിൽ തൊഴിൽ തുടരുന്നുണ്ടോ എന്ന വിവരമില്ല .മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 31/21.10.2021ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകങ്ങൾ കാരണം ₹50,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-26 സ്വയം തൊഴിൽ സംരംഭങ്ങൾ-അപാകങ്ങൾ :₹5000 നിരാകരിക്കുന്നു ₹2,95,000 തടസ്സപ്പെടുത്തുന്നു**

ചൊക്ലി ഗ്രാമപഞ്ചായത്ത്2020-21 വർഷം വി.ഇ.ഒ (ഒളവിലം)നടപ്പാക്കിയ പദ്ധതികളിലെ അപാകം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| ക്രമ നം 1 | പദ്ധതിയുടെ പേര് | വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം(SC) |
| | പ്രോജക്ട് നം | 94/2021 |
| | അടങ്കൽ | 2,00,000വികസനഫണ്ട്(SCP)<br>2,00,000ഗുണഭോക്തൃവിഹിതം |
| | ചെലവ് | 1,50,000 |
| | ബിൽനം/ തീയതി | BRN202203520096013251З8/23.03.21 |

| | | |
|---|---|---|
| ക്രമ നം 2 | പദ്ധതിയുടെ പേര് | വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം വ്യക്തിഗതം |
| | പ്രോജക്ട് നം | 93/2021 |
| | അടങ്കൽ | ₹150,000വികസനഫണ്ട്<br>₹1,50,000ഗുണഭോക്തൃവിഹിതം (ബാങ്ക് വായ്പ) |
| | ചെലവ് | ₹150,000 |
| | ബിൽനം/തീയതി | BRN19220352009600986241/23.01.21 |

**ക്രമ നമ്പർ 1**

ചൊക്ലി ഗ്രാമപഞ്ചായത്തിലെ തൊഴിൽരഹിതരായ 3 വനിതകൾക്ക്(ബിന്ദു കെ.പി,ഷൈനി.പി,ഷീന കെ.കെ) സ്വയംതൊഴിലിനായി ഒരാൾക്ക് ₹50,000വീതം സബ്സിഡി നൽകിയിട്ടുണ്ട്. വനിതകൾക്ക് ചൊക്ലി സർവ്വീസ് സഹകരണബാങ്ക് ,ചൊക്ലി താഴെ പറയും പ്രകാരം വായ്പ അനുവദിച്ചതായി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

1. ബിന്ദു കെ.പി ₹60000

2. ഷൈനി.പി ₹1,00,000

3. ഷീന കെ.കെ ₹1,00,000

സ.ഉ.കൈ നം 22/2018/ത.സ്വ.ഭ.വ 14-02-2018 ഖണ്ഡിക 6.4(2) പ്രകാരം സ്വയംതൊഴിൽ സംരംഭം വനിത വ്യക്തിഗതത്തിന് വായ്പ തുകയുടെ 75% ശതമാനം മാത്രമാണ് സബ്സിഡി അനുവദിക്കാവുന്നത്. ഇവിടെ ശ്രീമതി ബിന്ദു കെ.പി ക്ക് ബാങ്ക് വായ്പ അനുവദിച്ചിരിക്കുന്നത് ₹60000 ആണ്. ₹45,000 മാത്രമേ സബ്സിഡി അനുവദിക്കാവൂഎന്നിരിക്കെ ₹50000 അനുവദിച്ചിട്ടുണ്ട്. അധികമായി അനുവദിച്ച 5000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ഈ വനിതകൾ ഏതൊക്കെ തൊഴിലിലാണ് ഏർപ്പെടുന്നതെന്ന് വ്യക്തമല്ല. വനിതകൾ സ്വയംതൊഴിൽ ആരംഭിച്ചതിന്റെയും നിലവിൽ തുടർന്നുവരുന്നതിന്റെയും രേഖകളില്ല.അംഗീകൃത ഗുണഭോക്തൃലിസ്റ്റില്ല. ചെലവിന് നിദാനമായ യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല.ആയതിനാൽ ₹1,45,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**ക്രമ നമ്പർ 2**

ചൊക്ലി ഗ്രാമപഞ്ചായത്തിലെ തൊഴിൽരഹിതരായ 3 വനിതകൾക്ക് സ്വയംതൊഴിലിനായി സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഒരാൾക്ക് 50,000രൂപ വീതം ₹1,50,000 സബ്സിഡി അനുവദിച്ചിട്ടുണ്ട്.

പദ്ധതിപ്രകാരം 3 വനിതകൾ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.ബാങ്ക് വായ്പ അനുവദിച്ചതിന്റെ രേഖകൾ ലഭ്യമല്ല. കേരളഗ്രാമീൺ ബാങ്കിന്റെ ചൊക്ലി ശാഖയിലേക്കാണ് സബ്സിഡി അനുവദിച്ചത്. വായ്പാബന്ധിത പ്രോജക്റ്റാണെങ്കിൽ അതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതാണ്. വനിതകൾ സ്വയംതൊഴിൽ ആരംഭിച്ചതിന്റെയും നിലവിൽ തുടർന്നുവരുന്നതിന്റെയും രേഖകളില്ല.അംഗീകൃത ഗുണഭോക്തൃലിസ്റ്റില്ല.മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ₹1,50,000ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മേൽ ഗുണഭോക്താക്കൾക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസികളിൽ നിന്നോ കഴിഞ്ഞ 5 വർഷത്തിനിടയിൽ ധനസഹായം ലഭിച്ചിട്ടില്ലെന്ന് ഉറപ്പു വരുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സഹായം നൽകുന്നതിനായി ആരംഭിച്ച മേൽ പദ്ധതികളുടെയൊന്നും മോണിട്ടറിങ് നടന്നിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 32 തീയതി 21.10.2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-27 സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായി തുടരുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20വർഷം സ്പിൽഓവർ ആയി നടപ്പാക്കാനൊരുങ്ങിയ പദ്ധതി തൻവർഷവും നടപ്പാക്കിയില്ലെന്ന് മാത്രമല്ല ,2020-21 ലും ആയത് സ്പിൽ ഓവറായി നടപ്പാക്കുന്നതിന് അംഗീകാരം വാങ്ങിയെങ്കിലും നടപ്പാക്കാതെ തുടരുന്നു.വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷം | 2019-2020 | 2020-2021 |
|---|---|---|
| പ്രോജക്റ്റിന്റെ നമ്പറും പേരും | 144/20<br>മെറ്റീരിയൽ റിക്കവറി സെന്ററിലേക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങൽ | 160/21<br>മെറ്റീരിയൽ റിക്കവറി സെന്ററിലേക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | ₹100000 | ₹100000 |

മേൽ പദ്ധതി സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയിട്ടും രണ്ട് വർഷങ്ങളിലും നടപ്പാക്കാതിരിക്കുന്നതിന്റെ സാഹചര്യം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/17.10.2021ന് സെന്റർ നിർമ്മാണം പൂർത്തീകരിച്ചത് 2020-2021 അവസാനത്തിൽ മാത്രമാണെന്നും അതിനാലാണ് ഫർണിച്ചർ വാങ്ങാതിരുന്നതെന്നും നിർമ്മാണം പൂർത്തിയായതിനാൽ വാങ്ങുന്നതാണെന്നുമാണ് മറുപടി നൽകിയത്.

ഇതേ രീതിയിൽ എം.സി.എഫിലേക്ക് ആവശ്യമായ ഉപകരണങ്ങൾ എന്ന സ്പിൽ ഓവർ പദ്ധതികളും 2019-2020,2020-2021 വർഷങ്ങളിൽ നടപ്പാക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ

| വർഷം | 2019-2020 | 2020-2021 |
|---|---|---|
| പ്രോജക്റ്റിന്റെ നമ്പറും പേരും | 163/20<br>എം.സി.എഫ്.ലേക്ക് ആവശ്യമായ ഉപകരണങ്ങൾ | 165/21<br>എം.സി.എഫ്.ലേക്ക് ആവശ്യമായ ഉപകരണങ്ങൾ |
| അടങ്കൽ | ₹500000 | ₹500000 |

ഈ അപാകത്തിന് മറുപടി നൽകിയിട്ടില്ല. 2019-20വർഷം സ്പിൽ ഓവർ ആയി നടപ്പാക്കാനൊരുങ്ങിയ പദ്ധതി 2020-21ലും സ്പിൽ ഓവറായി നടപ്പാക്കുന്നതിന്, അംഗീകാരം വാങ്ങി നടപ്പാക്കാതെയിരിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 1-28 റിംഗ് കംപോസ്റ്റ് സ്ഥാപിക്കൽ- അപാകങ്ങൾ :ചെലവ് തുകയായ ₹ 25,85,250 തടസ്സത്തിൽ വെക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | റിംഗ് കംപോസ്റ്റ് സ്ഥാപിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ(ഒളവിലം) |
| പ്രോജക്റ്റ് നം | 16/2021 |
| അടങ്കൽ | 1722750- ധനകാര്യകമ്മീഷൻ ഗ്രാന്റ് |

| | |
|---|---|
| | 862500 -കേന്ദ്രാവിഷ്കൃത ഫണ്ട്<br>2,250 -തനത് ഫണ്ട്<br>2,87,500 – മറ്റുള്ളവ |
| ചെലവ് | 1722750/- ധനകാര്യകമ്മീഷൻ ഗ്രാന്റ്,<br>862500 കേന്ദ്രാവിഷ്കൃത ഫണ്ട്<br>ആകെ ₹ 25,85,250 |
| ബിൽനം/തീയ്യതി | BRN20220352009601405320/27.03.21:₹17,22750/-<br>Ch.No. 135248/22-01-2021 : ₹8,62,500 |

റിംഗ് കംപോസ്റ്റ് സ്ഥാപിക്കൽ എന്ന മേൽ പദ്ധതിയുടെ ഭാഗമായി റെയ്ഡ്കോയിൽ നിന്നും 1150 എണ്ണം റിംഗ് കംപോസ്റ്റ് വാങ്ങുന്നതിനായി 17,22,750/- ധനകാര്യകമ്മീഷൻ ഗ്രാന്റും ₹8,62,500 കേന്ദ്രാവിഷ്കൃത ഫണ്ടും റെയ്ഡ്കോയ്ക്ക് കൈമാറുകയും രശീതി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്തൃവിഹിതം കൈമാറിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. റെയ്ഡ്കോയിൽ നിന്നും എത്ര റിംഗ് കംപോസ്റ്റുകൾ ലഭിച്ചു എന്നതിന്റെയും അവ സ്റ്റോക്കിലെടുത്തതിന്റെയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെയും രേഖകളില്ല. 1150 എണ്ണം റിംഗ് കംപോസ്റ്റിന് @ 250 രൂപ തോതിൽ 2,87,500 ഗുണഭോക്തൃ വിഹിതം ഈടാക്കേണ്ടതായിരുന്നു.എന്നാൽ 2,84,500 രൂപയാണ് ഈടാക്കിയിട്ടുള്ളത് .ആയത് പഞ്ചായത്തിന്റെ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. മോണിട്ടറിങ് റിപ്പോർട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 30/21.10.2021ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ ചെലവ് തുകയായ ₹ 25,85,250 തടസ്സത്തിൽ വെക്കുന്നു.

## 1-29 അംഗൻ വാടി സ്ഥലമെടുപ്പ്- പദ്ധതി നടപ്പാക്കിയില്ല

ചൊക്ലി ഗ്രാമപഞ്ചായത്തിൽ ആകെ 27 അംഗൻവാടികൾ പ്രവർത്തിച്ചു വരുന്നു. അവയിൽ ആകെ 18 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. അങ്കണവാടികൾക്ക് സ്ഥലമെടുക്കുന്നതിനായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി രണ്ട് സ്പിൽ ഓവർ പദ്ധതികൾക്ക് 2019-2020,2020-21 വർഷങ്ങളിൽ അംഗീകാരം ലഭിച്ചിരുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | 2019-2020 | 2020-2021 |
|---|---|---|---|
| 1 | പ്രോജക്റ്റിന്റെ നമ്പറും പേരും | 133/20<br>അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലമെടുപ്പ് | 155/21<br>അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലമെടുപ്പ് |
| | അടങ്കൽ | ₹400000(തനത് ഫണ്ട്) | ₹600000 (തനത് ഫണ്ട്) |
| 2 | പ്രോജക്റ്റിന്റെ നമ്പറും പേരും | 130/20<br>അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലമെടുപ്പ് | 153/21<br>അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലമെടുപ്പ് |
| | അടങ്കൽ | ₹276606(തനത് ഫണ്ട്) | ₹276606 (തനത് ഫണ്ട്) |

മേൽ പദ്ധതികൾ സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയിട്ടും രണ്ട് വർഷങ്ങളിലും നടപ്പാക്കാതിരുന്നതായാണ് കാണുന്നത്. പദ്ധതികൾ നടപ്പാക്കാതിരുന്നതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 20/17.10.2021) നിലവിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും സ്ഥലമെടുപ്പ് ഉടൻ പൂർത്തിയാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 അംഗൻവാടി പദ്ധതികൾ മോണിട്ടറിങ് ഫലപ്രദമല്ല

സ.ഉ.(കൈ) 11/2018/ത.സ്വ.ഭ.വ തീയ്യതി 29.01.2018 ഖണ്ഡിക 13.1 പ്രകാരം പ്രോജക്ടുകളുടെ മോണിട്ടറിങ്ങ് അതാത് വർക്കിങ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണെന്ന് പറയുന്നുണ്ട്. അതിനായി വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കണം. മോണിട്ടറിങ്ങ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.

ചൊക്ലി ഗ്രാമപഞ്ചായത്തിൽ 2019-20,2020-2021 വർഷങ്ങളിൽ യഥാക്രമം 11ഉം 8ഉം പദ്ധതികൾ ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയിട്ടുണ്ട്. ഓരോ പ്രോജക്ടിനൊപ്പവും വി.ഇ.ഒ കൺവീനറായുള്ള ഒരു മോണിട്ടറിങ്ങ് റിപ്പോർട്ട് സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ മോണിട്ടറിങ്ങ് റിപ്പോർട്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഒന്നും തന്നെ നിർവ്വഹിച്ചിട്ടില്ലാത്ത മോണിട്ടറിങ്ങ് റിപ്പോർട്ടാണ് പ്രോജക്ടുകൾക്കൊപ്പം സൂക്ഷിച്ചിട്ടുള്ളതെന്ന് പ്രത്യേകം എടുത്തുപറയേണ്ടുന്ന ഒരുവസ്തുതയാണ്. ഒട്ടുംതന്നെ പൂർണ്ണമല്ലാത്തതും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും പോലും തെറ്റായി രേഖപ്പെടുത്തിയ മോണിട്ടറിങ്ങ് റിപ്പോർട്ടുകളാണ് തയ്യാറാക്കിയിരിക്കുന്നത്. പ്രോജക്ട് ഉദ്ദേശിച്ച സമയത്ത് പൂർത്തീകരിച്ചോ, പ്രതീക്ഷിച്ച ലക്ഷ്യം കൈവരിച്ചോ തുടങ്ങിയ കാര്യങ്ങൾ പോലും സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രോജക്ടിലൂടെ കൈവരിച്ച യഥാർത്ഥ ഗുണം , പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം, പ്രോജക്ടിലൂടെ സൃഷ്ടിക്കപ്പെട്ട ആസ്തികൾ, വിഭാവനം ചെയ്ത എല്ലാ പ്രവർത്തനങ്ങളും നടന്നിട്ടുണ്ടോ, നിർവ്വഹണം കാര്യക്ഷമവും തൃപ്തികരവും ഗുണനിലവാരമുള്ളതുമാണോ തുടങ്ങിയ കാര്യങ്ങളൊന്നും വിലയിരുത്തപ്പെട്ടിട്ടില്ല. ഇത്തരത്തിൽ തയ്യാറാക്കപ്പെട്ട മോണിട്ടറിങ്ങ് റിപ്പോർട്ടുകൾ പദ്ധതി നിർവ്വഹണത്തിലെ ഏത് ലക്ഷ്യത്തെയാണ് സാധൂകരിക്കുന്നതെന്ന് വ്യക്തമല്ല. ഇക്കാര്യം ഗൗരവമായി വീക്ഷിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-31 ആയുർവേദ മരുന്നുകൾ-1,37,113 രൂപയുടെ മരുന്നുകൾ ലഭിക്കാൻ ബാക്കി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| പ്രോജക്ടിന്റെ നമ്പരും പേരും | 177/21 ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹544028 – തനത് ഫണ്ട്<br>₹255972 – റോഡിതര സംരക്ഷണ ഗ്രാന്റ് |
| ചെലവ് | ₹544028 തനത് ഫണ്ട്<br>ചെക്ക് നമ്പർ JF5448244/11.11.2020<br>₹255972 – റോഡിതര സംരക്ഷണഗ്രാന്റ്<br>BRN20220352012000516956/14-09-20 |

ആയുർവേദഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ എന്ന മേൽപദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി 800000 രൂപ മുകളിൽ കൊടുത്ത പ്രകാരം ഔഷധിക്ക് കൈമാറിയിട്ടുണ്ട്. പരിശോധനക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം 1,37,113 രൂപയുടെ മരുന്നുകൾ ലഭിക്കാൻ ബാക്കിയുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 29/21.10.2021-ന് മറുപടി ലഭ്യമാക്കിയില്ല. മുഴുവൻ മരുന്നുകളും എത്രയും പെട്ടെന്ന് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ- എൻ എ സി ലഭ്യമാകാത്തത്

| | |
|---|---|
| നിർവ്വഹണദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ -ഹോമിയോ |
| പ്രോജക്ടിന്റെ പേര് &നം | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ -27/21 |
| അടങ്കൽ | 3,00,000(റോഡിതരം ) |
| ചെലവ് | 3,00,000 (റോഡിതരം ) |
| ബിൽ നം & തീയതി | 20220352009400486692 തീയതി 2.9.20 |

ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ 3,00,000 മാനേജിംഗ് ഡയറക്ടർ , കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ഫാർമസി, പാതിരപ്പള്ളിക്ക് നൽകിയിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി സ ഉ (കൈ) നം 22/2018 ത സ്വ ഭവ തീയതി 14.2.2018 ഖ- 7.5.3 - ഔഷധങ്ങൾ വാങ്ങലിൽ, വകുപ്പ് മുഖേന വിതരണം ചെയ്യുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ, ജില്ലാ മെഡിക്കൽ ഓഫീസറുടെ എൻ എ സി ലഭ്യമാക്കി തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്

മരുന്നുകൾ വാങ്ങി നൽകി ആരോഗ്യ സ്ഥാപനത്തിലെ മരുന്ന് വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പ് വരുത്താവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും എൻ എ സി വാങ്ങിക്കാതെയാണ് മരുന്ന് വാങ്ങുന്നതിന് തുക ചെലവഴിച്ചിരിക്കുന്നത്. എൻ എ സി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-2-തീയതി6.10.21) മറുപടി ലഭ്യമാക്കുകയോ,എൻ എ സി ഹാജരാക്കുകയോ ചെയ്തിട്ടില്ല . ഭാവിയിൽ സർക്കാർ ഉത്തരവുകൾ പാലിച്ച് പദ്ധതി നിർവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-33 പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ-₹61949 യുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| പ്രോജക്ടിന്റെ നമ്പരും പേരും | 45/21 പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹50000തനത് ഫണ്ട്<br>₹350000 റോഡിതരസംരക്ഷണഗ്രാന്റ് |
| ചെലവ് | ₹49136തനത് ഫണ്ട്<br>₹350000 റോഡിതരസംരക്ഷണഗ്രാന്റ് |

പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം തുക ചെലവഴിച്ചതിന്റെയും മരുന്നുകൾ ലഭ്യമായതിന്റെയും വിശദവിവരം ചുവടെ കൊടുക്കുന്നു.

| ബിൽ നമ്പർ&തീയ്യതി | തുക | പ്രോഫോർമ ഇൻവോയ്സ് നമ്പർ | കിട്ടാൻ ബാക്കിയുള്ള മരുന്നുകൾ |
|---|---|---|---|
| 20220352012000177538<br>19.05.20 | ₹135248 | PRF462/12-05-19 | ₹2946 |
| 20220352012000524278<br>16.09.20 | ₹199891 | INV.NO 1512/17-08-20 | മുഴുവൻ ലഭിച്ചു |
| 20220352012001059169<br>09-02-21 | ₹14861 | PRF4778/25.01.21 | 9867 |
| Ch.No-5448756<br>DT 22.2.2021 | ₹49136 | PRF4778/25.01.21 | ₹49136 |
| | | ആകെ | ₹61949 |

മുകളിൽ കൊടുത്ത പ്രകാരം ആകെ ₹61949 യുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. കിട്ടാൻ ബാക്കിയുള്ള മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 സാന്ത്വനപരിചരണം-ഉപകരണങ്ങൾ ലഭ്യമായിട്ടില്ല:₹99997 തടസ്സത്തിൽ വെക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| പ്രോജക്ടിന്റെ നമ്പരും പേരും | 51/21 സാന്ത്വനപരിചരണം |
| അടങ്കൽ | ₹400000 വികസനഫണ്ട്<br>₹55000തനത് ഫണ്ട്<br>₹100000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹100000 ജില്ലാ പഞ്ചായത്ത് വിഹിതം |

| | |
|---|---|
| ചെലവ് | ₹ 392143വികസനഫണ്ട്<br>₹99997ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹99998 ജില്ലാ പഞ്ചായത്ത് വിഹിതം |

മേൽ പ്രോജക്റ്റിന്റെ ഭാഗമായി താഴെ പറയുന്ന ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി ₹69450 ബ്ലോക്ക് പഞ്ചായത്ത് വിഹിതം ബിൽ നമ്പർ 20220352012001137049/24.02.21 മുഖേന ശ്രീരാജ് സർജിക്കൽസ് എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. (രശീതി നമ്പർ 2925തീയ്യതി 02.03.21)

| ഉപകരണങ്ങളുടെ പേര് | എണ്ണം |
|---|---|
| Airbed | 11 |
| Walking Stick Tripod | 12 |
| Walker | 10 |
| Wheel Chair | 3 |

എന്നാൽ ഇവ ലഭ്യമായോ എന്നത് വ്യക്തമല്ല.സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടോ എന്നുറപ്പ് വരുത്തുന്നതിന് സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. കൂടാതെ Catheter,Gloves,Syringes തുടങ്ങിയവ വാങ്ങുന്നതിനായി ₹30547 ബ്ലോക്ക് പഞ്ചായത്ത് വിഹിതം ബിൽ നമ്പർ 20220352012001129204/23.02.21 മുഖേന പിൻവലിച്ച് KMSCLന് കൈമാറിയിട്ടുണ്ട്. KMSCLന്റെ കൈപ്പറ്റ് രശീതി ലഭ്യമല്ല. സാധനങ്ങളും ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 27/20.10.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുകയായ ₹99997 തടസ്സത്തിൽ വെക്കുന്നു.

## <u>1-35 തൊഴിലുറപ്പ് പദ്ധതിയിൽ മെറ്റീരിയൽ പർച്ചേസ് ബില്ലിൽ നിന്നും ജി എസ് ടി ഈടാക്കുന്നില്ല.</u>

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. സർക്കുലർ നമ്പർ 18/2019/ഫിൻ തീയതി 01.03.2019 പ്രകാരം എല്ലാ കരാറുകാർക്കും ജി.എസ്.ടി. രജിസ്ട്രേഷൻ നിർബന്ധമാണ്. എന്നാൽ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിപ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപക്ക് മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി തുക കുറവ് ചെയ്ത് അടച്ചിട്ടുള്ളതായി കാണുന്നില്ല. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തികളുടെയും, സാമഗ്രികൾ വാങ്ങിയ വകയിൽ കരാറുകാരുടെ അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ച തുകകളുടെയും സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി.-യുടെ (1% എസ്.ജി.എസ്.ടി, 1% സി.ജി.എസ്.ടി) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | മെറ്റീരിയൽ തുക | FTO നം. & തിയതി | ഈടാക്കേണ്ട 2% ജി എസ് ടി തുക |
|---|---|---|---|---|---|
| 1. | നള്ളേരി ഇടയിൽപീടിക റോഡ് കോൺക്രീറ്റിംഗ് | ദിനേശൻ കെ പി | 253625 | Kl1602007001; 290321FTO; 956461,12.5.2021 | 5072.5 |
| 2 | ചാലിൽ താഴെ ഫൂട് പാത്തിന് ഡ്രൈനേജ് നിർമ്മാണം | വിജയൻ.എ | 307594.87 | Kl1602007001; 200221FTO; 780529,2.5.2021 | 6151.89 |
| 3 | നിട്ടൂമ്പ്രം ഇല്ലത്ത്പീടിക | വിജയൻ.എ | 350711.9 | Kl1602007001;-231120FTO478129, 8.04.2021 | 7014.23 |

| | | | | | |
|---|---|---|---|---|---|
| | അംഗനവാടി റോഡ് നിർമ്മാണം | | | | |
| 4 | പുലപ്പാടിന്റെവിട കനിയിൽമുക്ക് റോഡ് കോൺക്രീറ്റിംഗ് | മനോജ് .എം | 393197 | Kll1602007001; 290321FTO;956447, 12.5.2021 | 393197 |
| 5 | കണ്ണോത്ത് പള്ളി മുതൽ കുറുന്താളിപ്പീടിക വരെ ഫുട്പാത്ത് കോൺക്രീറ്റിംഗ് | വിജയൻ | 442316.52 | Kll1602007001; 021220FTO; 506906,8.04.2021 | 8846.3 |
| 6 | ചെറിയത്ത് എടവന ഫൂട്ട്പാത്ത് കോൺക്രീറ്റ് | ദിനേശൻ | 611578 | Kll1602007001; 310320FTO; 706641,25.05.2020 | 12231.56 |
| ആകെ | | | | | 4,32,512 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 26/20.10.2021) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ എം ഐ എസ്സിൽ ജി എസ് ടി ഈടാക്കുന്നതിനുള്ള സംവിധാനം ഇല്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ആയതിനാൽ ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും കരാറുകാരിൽ നിന്നും ജി എസ് ടി ഈടാക്കി അടവാക്കേണ്ടതുമാണ് .

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 സബ്സിഡി അധികം അനുവദിച്ചു -₹5000 നിരാകരിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം(SC) |
| പ്രോജക്ട് നം | 94/2021 |
| അടങ്കൽ | 2,00,000വികസനഫണ്ട്(SCP)<br>2,00,000ഗുണഭോക്തൃവിഹിതം |
| ചെലവ് | 1,50,000 |
| ബിൽനം | BRN20220352009601325138/23.03.21 |

ചൊക്ലി ഗ്രാമപഞ്ചായത്തിലെ തൊഴിൽരഹിതരായ 3 വനിതകൾക്ക്(ബിന്ദു കെ.പി,ഷൈനി.പി,ഷീന കെ.കെ) സ്വയംതൊഴിലിനായി സബ്സിഡിയായി ഒരാൾക്ക് ₹50,000വീതം നൽകിയിട്ടുണ്ട്. വനിതകൾക്ക് ചൊക്ലി സർവ്വീസ് സഹകരണബാങ്ക് ,ചൊക്ലി താഴെ പറയും പ്രകാരം വായ്പ അനുവദിച്ചതായി ചൊക്ലി സർവ്വീസ് സഹകരണബാങ്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

1. ബിന്ദു കെ.പി ₹60000

2. ഷൈനി.പി ₹1,00,000

3. ഷീന കെ.കെ ₹1,00,000

സ.ഉ.കൈ നം 22/2018/ത.സ്വ.ഭ.വ 14-02-2018 ഖണ്ഡിക 6.4(2) പ്രകാരം സ്വയംതൊഴിൽ സംരംഭം വനിത വ്യക്തിഗതത്തിന് വായ്പ തുകയുടെ 75% ശതമാനം മാത്രമാണ് സബ്സിഡി അനുവദിക്കാവുന്നത്. ഇവിടെ ശ്രീമതി ബിന്ദു

കെ.പി ക്ക് ബാങ്ക് വായ്പ അനുവദിച്ചിരിക്കുന്നത് ₹60000 ആണ്. ₹45,000 മാത്രമേ സബ്സിഡി അനുവദിക്കാവൂഎന്നിരിക്കെ ₹50000 അനുവദിച്ചിട്ടുണ്ട്. അധികമായി അനുവദിച്ച 5000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4

### 4-1 വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 13.10.21,16.10.21 | കെ.എസ്.എ/കെ.എൻ.ആർ/സി.9/1201/2021 തീയതി- 01/12/2021. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതംനൽകിയ സ്ഥാപനം | ലഭിച്ചതുക | പ്രൊജക്ടിന്റെപേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 50,000 | ബഡ്സ് സ്കൂൾ തൊഴിൽ പരിശീലനം-37/21 | 50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1,37,400 | ഭിന്നശേഷി സ്കോളർഷിപ്പ് -23/21 | 1,37,400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 18,700 | സമഗ്ര നെൽകൃഷി-48/21 | 18,700 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 25,500 | സമഗ്ര പച്ചക്കറി കൃഷി-38/21 | 25,500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 99,997 | പെയിൻ ആൻറ് പാലിയേറ്റീവ്-51/21 | 99,997 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 21400 | മത്സ്യകൃഷി-പടുതകുളം-146/21 | 21,400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 14,00,000 (മുന്നിരിപ്പ് 7 ലക്ഷം ഉൾപ്പെടെ) * | ബഡ്സ് സ്കൂൾ ഒന്നാം നില നിർമ്മാണം-63/21 | 14,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2,81,530 (മുന്നിരിപ്പ്) | ലൈഫ് മിഷൻ ഭവന പദ്ധതി -പൊതു വിഭാഗം -58/21 | 2,81,530 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 20,61,218 | ലൈഫ് ഭവന പദ്ധതി -ഭവനസമുച്ചയം നിർമ്മിക്കൽ -സ്ഥലമെടുപ്പ്-189/21 | 7,45,000 | 13,16,218 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1,00,000 | പാലിന് സബ്സിഡി-109/21 | 0 | 1,00,000 |
| ജില്ല പഞ്ചായത്ത് | 1,00,000 | സ്വയം പര്യാപ്ത ഗ്രാമം-114/21 | 1,00,000 | 0 |
| ജില്ല പഞ്ചായത്ത് | 70,273 | പാലിന് സബ്സിഡി-109/21 | 70,273 | 0 |
| ജില്ല പഞ്ചായത്ത് | 48,000 | മരച്ചീനി കൃഷി വ്യാപനം -143/21 | 48,000 | 0 |
| ജില്ല പഞ്ചായത്ത് | 3,27,600 | ഭിന്നശേഷി സ്കോളർഷിപ്പ്--23/21 | 3,27,600 | 0 |
| ജില്ല പഞ്ചായത്ത് | 39,600 | കരനെൽകൃഷി-144/21 | 39,600 | 0 |
| ജില്ല പഞ്ചായത്ത് | 48,750 | സമഗ്ര പച്ചക്കറി കൃഷി-38/21 | 48,750 | 0 |
| ജില്ല പഞ്ചായത്ത് | 55,200 | മത്സ്യകൃഷി-ബയോഫ്ലോക്ക്-145/21 | 55,200 | 0 |
| ജില്ല പഞ്ചായത്ത് | 99,998 | പെയിൻ ആൻറ് പാലിയേറ്റീവ്-51/21 | 99,998 | 0 |
| ജില്ല പഞ്ചായത്ത് | 2,07,147 | ബഡ്സ് സ്കൂൾ ഒന്നാം നില നിർമ്മാണം--63/21 | 2,07,147 | 0 |
| ജില്ല പഞ്ചായത്ത് | 11,00,000 | ലൈഫ് ഭവന പദ്ധതി -ഭവനസമുച്ചയം നിർമ്മിക്കൽ -സ്ഥലമെട്ടപ്പ്-189/21 | 11,00,000 | 0 |

* ബഡ്സ് സ്കൂൾ ഒന്നാംനില നിർമ്മാണം 63/21, ലൈഫ് മിഷൻ ഭവന പദ്ധതി പൊതുവിഭാഗം 58/21 എന്നിവ മുന്നിരിപ്പുള്ള തുകയിൽ നിന്നും ചെലവഴിച്ചതാണ്

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം& തീയതി | മുൻകൂർ നൽകിയ തുക | വിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവായ തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്ഇബി | ഓറിയൻറൽ വയലിൽ പീടിക റോഡിലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റൽ, 117/21 | 22000177 07.05.2021 | 1,29,409 | 1,29,409 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽഉണ്ടായിരുന്നസ്ഥിരനിക്ഷേപം | 932596 |
| | |

| | |
|---|---|
| തൻവർഷംനിക്ഷേപിച്ചതുക | 70416 |
| ആകെ | 1003012 |
| തന്നാണ്ടിൽപിൻവലിച്ചതുക | 0 |
| വർഷാവസാനംഅവശേഷിക്കുന്നസ്ഥിരനിക്ഷേപം | 1003012 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| ക്രമനമ്പർ | സ്ഥാപനത്തിന്റെപേര്(ബാങ്ക്/ട്രഷറി/പോസ്റ്റ്ഓഫീസ്) | നിക്ഷേപിച്ചതിന്റെ വിവരം | തുക |
|---|---|---|---|
| 1 | ചൊക്ലി സർവ്വീസ് സഹകരണബാങ്ക് | 1305/10-11 Dt 5.1.2011 | 9,79,012 |
| 2 | മലബാറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൈറ്റി | 118/4429 Dt28/04/2015 | 20,000 |
| 3 | കണ്ണൂർ ജില്ലാ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ് | വൗച്ചർ നം556 തീയതി 28/04/2015 | 4000 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 29714/- രൂപയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപേരും | രശീതി നമ്പർ& തിയ്യതി |
|---|---|---|---|---|
| 2018-19 | 1-25(സി) | 5909 | വിജയൻ എ<br>Pwd Contractor | 121020100198<br>30.04.2021 |
| 2018-19 | 1-25(ഡി) | 2292 | വിജയൻ എ<br>Pwd Contractor | 121020100199<br>30.04.2021 |
| 2018-19 | 1-27(2) | 10298 | സുരേഷ് ബാബു സി ടി-Pwd Contractor | 121020100615<br>05.07.2021 |
| 2018-19 | 1-27 | 11215 | സുരേഷ് ബാബു സി ടി-Pwd Contractor | 121020101385<br>01.09.2021 |
| | ആകെ | 29714 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 15 | 2003-04 | 13-ാം പേജ് ക്രമ നം 132 | പദ്ധതി നിർവ്വഹണ ചെലവ് പരിധി കഴിഞ്ഞ് ചെലവഴിച്ചു. | നിയമസഭ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം-

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,54,09,993.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,81,74,284.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 36,82,539 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 3-1 (1-26) | | 5,000 | ശ്രീ.ജസീർ.കെ.പി (വി ഇ ഒ-ഒളവിലം ) |
| ആകെ | | 5,000 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 2,10,000 | ഡോ.കെ.ചന്ദ്രശേഖരൻ (വെറ്റിനറി സർജ്ജൻ) |
| 1- 17 | 95,000 | ഡോ.കെ.ചന്ദ്രശേഖരൻ (വെറ്റിനറി സർജ്ജൻ) |
| 1-23 | 3,47,292 | ശ്രീമതി.ഫ്ലാവിയ ജോർജ്ജ് (അസിസ്റ്റന്റ് എഞ്ചിനിയർ) |
| 1-25 | 50,000 | ശ്രീ.ജസീർ.കെ.പി (വി ഇ ഒ-ഒളവിലം ) |
| 1-26 | 2,95,000 | ശ്രീ.ജസീർ.കെ.പി (വി ഇ ഒ-ഒളവിലം ) |
| 1-28 | 25,85,250 | ശ്രീ.ജസീർ.കെ.പി (വി ഇ ഒ-ഒളവിലം ) |
| 1-34 | 99,997 | ഡോ.അമൃതകല (മെഡിക്കൽ ഓഫീസർ-പി എച്ച് സി ) |
| ആകെ | 3682539 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

1-22

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേര് | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീ.ജസീർ.കെ.പി (വി ഇ ഒ -ഒളവിലം ) | വി ഇ ഒ -ഒളവിലം ചൊക്ലി ഗ്രാമ പഞ്ചായത്ത് | " റിഫ " പെരിങ്ങാടി (പി ഒ) |
| ഡോ.അമൃതകല(മെഡിക്കൽ ഓഫീസർ-പി എച്ച് സി ) | മെഡിക്കൽ ഓഫീസർ-പി എച്ച് സി ചൊക്ലി | മല്ലേരിയിൽ ഹൗസ് ,ഈസ്റ്റ് പള്ളൂർ.മാഹി |
| ഡോ.കെ.ചന്ദ്രശേഖരൻ (വെറ്റിനറി സർജ്ജൻ) | വെറ്ററിനറി സർജ്ജൻ വെറ്ററിനറി ഡിസ്പെൻസറി , ചൊക്ലി | ജ്യോതിസ്സ്,വിഷ്ണ മംഗ്ലാവ്,കല്ലാച്ചി(പി ഒ) |
| ശ്രീമതി.ഫ്ലാവിയ ജോർജ്ജ് (അസിസ്റ്റന്റ് എഞ്ചിനിയർ) | ലഭ്യമായിട്ടില്ല | പാലാട്ടി ഹൗസ്,ദേവ ഗിരി,ആനപ്പാറ (പി ഒ) എറണാകുളം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ/കെ.എൻ.ആർ/സി.9/754/2019 തീ. 13-06-19 | 6 |
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/സി.9/754/2019തീ. 13-06-19 | 2 |
| 1999-00 | കെ.എസ്.എ/കെ.എൻ.ആർ/സി.9/754/2019തീ. 13-06-19 | 6 |
| 2000-01(പദ്ധതി വിഹിതം) | കെ.എസ്.എ/കെ.എൻ.ആർ/സി.9/754/2019തീ. 13-06-19 | 1 |
| 2000-01പദ്ധതി വിഹിതം ഒഴികെ) | കെ.എസ്.എ/കെ.എൻ.ആർ/സി.9/754/2019തീ. 13-06-19 | 1 |
| 2001-02 | കെ.എസ്.എ/കെ.എൻ.ആർ/സി.9/754/2019തീ. 13-06-19 | 1 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/സി.9/754/2019തീ. 13-06-19 | 5 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/സി.9/754/2019തീ. 13-06-19 | 7 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ/സി.9/754/2019തീ. 13-06-19 | 3 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/സി.9/754/2019തീ. 13-06-19 | 6 |

| | | |
|---|---|---|
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/സി.9/754/ 2019തീ. 13-06-19 | 7 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി.9/754/ 2019തീ. 13-06-19 | 10 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/സി.9/754/ 2019തീ. 13-06-19 | 5 |
| 2010-11,2011-12 | കെ.എസ്.എ/കെ.എൻ.ആർ/സി.9/754/ 2019തീ. 13-06-19 | 9 |
| 2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി.9/754/ 2019തീ. 13-06-19 | 12 |
| 2013-14,2014-15 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1279/ 2106/2019തീ. 23-07-2106 | 8 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.9/687/ 2017തീ. 13-06-19 | 16 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.9/202/ 2018തീ. 15-05-18 | 19 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ./സി.9/ 1598/2018 തീ. 05.11.2018 | 5 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.9/ 637/2020 തീ. 20.10.2020 | 21 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി.9/ 1200/2021 തീ.01/12/2021 | 16 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3-1
## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Chokli Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 27596815.99 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1445250.00 |
| 130000000 | Rental income from Panchayat Properties | RP-3 | 5200.00 |
| 140000000 | Fees & User Charges | RP-4 | 3562984.00 |
| 150000000 | Sale & Hire Charges | RP-5 | 129815.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 50713571.00 |
| 171000000 | Interest Earned | RP-9 | 418574.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 11846158.00 |
| 350000000 | Other Liabilities | RP-36 | 205300.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 89107.00 |
| | **Non Operating** | | |
| 311000000 | Earmarked Funds | RP-29 | 1453.00 |
| 340000000 | Deposits Received | RP-34 | 84100.00 |
| 350000000 | Other Liabilities | RP-36 | 2103253.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4805228.00 |
| | **Grand total** | | **103006808.99** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3330365.00 |
| 220000000 | Administrative Expenses | RP-12 | 1050040.00 |
| 230000000 | Operations & Maintenance | RP-13 | 1188787.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3233242.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 16775043.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1047013.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1006255.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 481776.00 |
| | | | |
| 255000000 | Maintenance Projects | RP-20 | 8984435.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 515000.00 |
| | | | |

| | | | |
|---|---|---|---|
| 280000000 | Prior Period item | RP-26 | 42609.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1620729.00 |
| 350000000 | Other Liabilities | RP-36 | 5881166.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 659.00 |
| 280000000 | Prior Period Item | RP-26 | -1200.00 |
| 340000000 | Deposits Received | RP-34 | 50094.00 |
| 350000000 | Other Liabilities | RP-36 | 2104095.00 |
| 410000000 | Fixed Assets | RP-38 | 29356789.00 |
| 412000000 | Capital work in Progress | RP-40 | 2067314.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 8436224.00 |
| 460000000 | Loans, Advances and Deposits | RP-47 | 1003849.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 14809283.99 |
| Cash | Cash | RP-40(b) | 23241.00 |
| | **Grand Total** | | **103006808.99** |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

**Chokli Grama Panchayat**

**INCOME & EXPENDITURE STATEMENT**

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 6329466.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 5200.00 |
| 140000000 | Fee & User Charges | I-4(b) | 3809884.00 |
| 150000000 | Sale & Hire Charges | I-5(b) | 129815.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 137540599.00 |
| 170000000 | Income from Investments | I-7 | 70416.00 |
| 171000000 | Interest Earned | I-8 | 418574.00 |
| | **Total Income** | | **148303954.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 11234525.00 |
| 220000000 | Administrative Expenses | I-11(b) | 1050040.00 |
| 230000000 | Operations & Maintenance | I-12(b) | 1358787.00 |
| 240000000 | Interest & Finance Charges | I-13 | 659.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4076771.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 35437835.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 997517.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1006255.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 58326776.00 |
| 255000000 | Maintenance Projects | I-14(e) | 9024649.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 515000.00 |
| 272000000 | Depreciation | I-17(a) | 11519704.00 |
| | **Total Expenditure** | | **134548518.00** |
| | **Gross Surplus/ Deficit of income over Expenditure** | | **13755436.00** |
| 280000000 | Prior Period Item | I-18 | 41123.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **13714313.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3-3

## ബാലൻസ് ഷീറ്റ്

Chokli Grama Panchayat BALANCE SHEET
as on 31March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 43500196.05 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 37422.00 |
| 312000000 | Reserves | B-3 | 54497304.00 |
| | **Total Reserve & Surplus** | | **98034922.05** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8669484.49 |
| | **Total Grants, Contributions for Specific Purposes** | | **8669484.49** |
| | **Loans** | | |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 111400.00 |
| 350000000 | Other Liabilities | B-9 | 3104877.45 |
| | **Total Current Liabilities and Provisions** | | **3216277.45** |
| | **TOTAL LIABILITIES** | | **109920683.99** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 117274027.00 |
| 411000000 | Accumulated Depreciation | B-11 | -35067136.00 |
| 412000000 | Capital Work in Progress | B-11(a) | 2067314.00 |

| | | | |
|---|---|---|---|
| | **Total Fixed Assets** | | **84274205.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 1003012.00 |
| | **Total Investments** | | **1003012.00** |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 9029622.00 |
| 450000000 | Cash and Bank Balance | B-17 | 14832524.99 |
| 460000000 | Loans, Advances and Deposits | B-18 | 781320.00 |
| | **Total Current Assets, Loans and Advances** | | **24643466.99** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| TOTAL ASSETS | | | **109920683.99** |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.